നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# ഒരു രക്തസാക്ഷികൂടി



തൊഴിലുറപ്പു നിയമപ്രകാരം ത്ഡാർഖണ്ഡിൽ നടത്തുന്ന പരിപാടികളുടെ സാമൂഹ്യ ഓഡിറ്റിങ് നടത്തി വെട്ടിപ്പുകൾ പുറത്തുകൊണ്ടുവന്നതിന്ന് കരാറുകാരാൽ വധിക്കപ്പെട്ട പൊതുപ്രവർത്തകനായ ലളിതകുമാർ മകനോടൊപ്പം.

136

ആഗസ്റ്റ് 2008

# മവോയിസ്റ്റുകൾ രംഗത്ത്

"ലളിതകുമാർ മേത്തയുടെ ഘാതകർ ആരാണെന്ന് ഞങ്ങൾക്കറിയാം. അവർക്കെതിരെ ഞങ്ങൾ നീതി നടത്തുക തന്നെ ചെയ്യും. കൊലപാതകം പോലെയുള്ള ഭീകരമായ പാതകങ്ങൾ ചെയ്യുന്നവർക്ക് സ്വന്തം ജീവൻകൊണ്ട് അതിന്നു വില നൽകേണ്ടിവരും. ഇതിന്നുള്ള നടപടി ഞങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ശക്തമായ,നിർണായകമായ നടപടി ഉടനുണ്ടാകും".

ഝാർഖണ്ഡിലെ പലാമോ ജില്ലയിലെ ഛത്തർപൂരിലും പരിസരങ്ങളിലും ജൂൺ 22ന്ന് വിതരണം ചെയ്യപ്പെട്ട ഒരു മാവോയിസ്റ്റ് ലഘുലേഖയിൽ നൽകിയിട്ടുള്ള വാഗ്ദത്തമാണിത്.

തൊഴിലുറപ്പു പദ്ധതി പ്രകാരം നടപ്പാക്കിയ പണികളുടെ സോഷ്യൽ ഓഡിറ്റിങ്ങിന്നിടയിൽ മേയ് 14ന്ന് വധിക്കപ്പെട്ട ലളിതകുമാറിന്റെ ഘാതകന്മാർ ചില കരാറുകാരാണെന്ന് ലഘുലേഖയിൽ പറയുന്നു. ചിലരുടെ പേരുപോലും അതിൽനൽകിയിട്ടുണ്ട്.

ഈ ലഘുലേഖ ഛത്തർപൂരിൽ മാത്രമല്ല, സംസ്ഥാന തലസ്ഥാനമായ റാഞ്ചിയിൽപോലും പരിഭ്രമമുളവാക്കിയിട്ടുണ്ട്. സംസ്ഥാന ഭരണകൂടത്തിലേയും പോലീസിലേയും സീനിയർ ഉദ്യോഗസ്ഥന്മാർക്കു പുറമെ ഒട്ടേറെ സാമൂഹ്യ പ്രവർത്തകരും ഇപ്പോൾ അങ്കലാപ്പിലാണ്. മാവോയിസ്റ്റുകൾ ഇതിൽ ഇടപെടുമെന്ന് ആരും കരുതിയിരുന്നില്ല. കാരണം, ലളിതകുമാറിന്റെ നേതൃത്വത്തിലുള്ള വികാസ് സഹയോഗ് കേന്ദ്രത്തിന്റേയും മാവോയിസ്റ്റുകളുടേയും മാർഗ്ഗങ്ങൾ തീർത്തും വ്യത്യസ്തമാണ്. ഒരു ഗാന്ധിയൻ സമീപനരീതി അവലംബിച്ചിട്ടുള്ള പ്രസ്ഥാനമാണ് വികാസ് സഹയോഗ്. ഗ്രാമീണ തൊഴിലില്ലായ്മ, അടിസ്ഥാനപരമായ ആരോഗ്യ സൗകര്യങ്ങൾ, ഭക്ഷണത്തിനുള്ള അവകാശം, കുട്ടികളുടെ അവകാശങ്ങൾ എന്നീ മേഖലകളിലാണ് ലളിതകുമാർ പ്രവർത്തിക്കുന്നത്.

തൊഴിലവകാശ പദ്ധതി പ്രകാരം നടപ്പാക്കിയ പണികളുടെ സോഷ്യൽ ഓഡിറ്റിങ്ങിന്ന് ദൽഹിയിൽനിന്നും പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ ജീൻ ഡ്രേസും ദൽഹി സർവ്വകലാശാലയിലെ വിദ്യാർത്ഥികളും എത്തിയപ്പോൾ ലളിതകുമാർ അവരുമായി സഹകരിച്ചു പ്രവർത്തിച്ചുവരികയായിരുന്നു.

ലളിതകുമാറിന്റെ വധം സംബന്ധിച്ച പോലീസിന്റെ സമീപനം പരക്കെ വിമർശിക്കപ്പെട്ടിട്ടുണ്ട്. ലളിതകുമാറിന്റെ കയ്യിലുണ്ടായിരുന്ന പണം തട്ടിയെടുക്കാൻ നടത്തിയ ഒരു കൊലപാതകമാണിതെന്നാണ് പോലീസ് പ്രചരിപ്പിക്കുന്നത്. നാനാഭാഗങ്ങളിൽ നിന്നുള്ള സമ്മർദ്ദം മൂലം മുഖ്യമന്ത്രി മധു കോഡ ജൂൺ 18-ാം തിയ്യതി ഒരു സി.ബി.ഐ. അന്വേഷണത്തിന്ന് സമ്മതിച്ചു. ഇതിന്നുശേഷമാണ് മാവോയിസ്റ്റ് ലഘുലേഖ പുറത്തുവന്നത്. ❑

ജനനീതി

ആഗസ്റ്റ് 2008
136

പത്രാധിപർ:
ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# പ്രതിഷേധ പ്രകടനം അരാജകത്വത്തിന്ന് വഴി തുറക്കരുത്

പ്രതിഷേധം ജനാധിപത്യത്തിന്റെ ഒരു ഭാഗമാണ്; അഥവാ ജീവനാണ്. ഭരണാധികാരികളെ അപഥസഞ്ചാരത്തിൽനിന്നു തടഞ്ഞു നിർത്തുന്നത് അതാണ്. അതിനാൽ എല്ലാവിധ പ്രതിഷേധ പ്രകടനങ്ങളേയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ജനങ്ങൾ ഉറങ്ങുകയല്ലെന്നും അലസരല്ലെന്നും ഭരണാധികാരികളെ സദാ ഓർമ്മിപ്പിക്കുന്നത് അവരുടെ പ്രതിഷേധ സ്വരമാണ്. പക്ഷെ മറ്റെല്ലാറ്റിന്നുമെന്നപോലെ ഇതിന്നും ചില പരിധികളും പരിമിതികളും ഉണ്ടെന്ന കാര്യവും മറക്കരുത്.

കഴിഞ്ഞ മൂന്നുമാസമായി കേരളം പ്രതിഷേധത്തിന്റെ വേലിയേറ്റത്തിലായിരുന്നു. വർഷക്കാലം രാഷ്ട്രീയപ്രവർത്തനത്തിന്ന് ക്ഷീണകാലമാണെന്നു പറയാറുണ്ട്. ഇക്കൊല്ലം മഴയില്ലാത്തതിനാൽ പ്രതിഷേധ പ്രകടനങ്ങൾക്ക് കാലാവസ്ഥപോലും അനുകൂലമായിരുന്നു. അതിന്നും പുറമേ, പ്രതിഷേധാർഹമായ ഒട്ടേറെ കാര്യങ്ങളുണ്ടായിരുന്നു. ഉപ്പുതൊട്ട് കർപ്പൂരം വരെ സകലസാധനത്തിന്റെയും വില, പോൾവോൾട്ടുകാരെപ്പോലും തോല്പിക്കുന്ന വിധത്തിലാണ് ഉയരം കണ്ടത്. കഴിഞ്ഞ അര നൂറ്റാണ്ടുകാലത്ത് കേരളത്തിൽ എന്തുകിട്ടാനില്ലെങ്കിലും റേഷനരിയെങ്കിലും കിട്ടുമായിരുന്നു. ആ ഒരു സോഷ്യലിസ്റ്റ് പരിപാടിയുടെ കടക്കൽ കത്തിവച്ചുകൊണ്ടാണ് മൻമോഹൻ സിങ് പതിനഞ്ചുകൊല്ലംമുമ്പ് തന്റെ പരിഷ്കരണ വിപ്ലവത്തിന്ന് കാഹളമൂതിയത്. അതിന്നും പുറമെ പാഠപുസ്തകം ഇല്ലെന്നോ ഉണ്ടെങ്കിൽതന്നെ, നന്നല്ലെന്നോ മറ്റോ പറഞ്ഞുകൊണ്ടുള്ള മറ്റൊരു പ്രതിഷേധവും ഇവിടെ അലയടിച്ചേറി.

ആദ്യം പറഞ്ഞതുപോലെ ഇതൊക്കെ നല്ലതുതന്നെ. ജാതിക്കും മതത്തിന്നും വലിയ പ്രാധാന്യമൊന്നും കല്പി ക്കാത്ത അണുവോളം ചെറിയ ഒരു ന്യൂനപക്ഷം ഇവിടെയുണ്ടെന്നും അവർക്കും ചില ന്യായങ്ങൾ പറയാനു ണ്ടെന്നും ജനങ്ങളെ ബോധ്യപ്പെടു ത്താൻ ഈ പാഠപുസ്തക പ്രതിഷേധ ങ്ങൾ സഹായിച്ചു എന്നത് വലിയൊരു കാര്യമാണ്. പക്ഷെ ഇതിന്റെയെല്ലാം പേരിൽ ഇവിടെ നടന്നത് പ്രതിഷേധ ങ്ങളാണോ ആക്രമണങ്ങളാണോ എന്ന് രാഷ്ട്രീയനേതാക്കന്മാർ, അല്പനേരം ഒഴിവുകിട്ടുമ്പോൾ, ഒന്നാലോചി ക്കാമോ?

പ്രതിഷേധ പ്രകടനമെന്നത് ഒരു പുത്തൻ പ്രതിഭാസമൊന്നുമല്ല. കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലത്ത് ഇന്ത്യ യിലാകെ പ്രതിഷേധപ്രകടനങ്ങളുണ്ടാ യിരുന്നു. പ്രതിഷേധിക്കുന്നവരെ പോലീസ് പേപ്പട്ടികളെയെന്നപോലെ തല്ലാറുണ്ടായിരുന്നു. ഒരു സമരത്തിന്നി ടയിൽ ജനങ്ങൾ പോലീസിനെ തിരി ച്ചാക്രമിച്ചതിനെത്തുടർന്ന് സമരംതന്നെ നിർത്തിവച്ച അത്യുജ്ജ്വലമായ മാതൃ കയും ഇന്ത്യയിലുണ്ടായിട്ടുണ്ട്. എന്നാൽ ഇതൊക്കെ പഴം കഥകളാണ്. കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി ഇന്ത്യ യിൽ പ്രതിഷേധ പ്രകടനമെന്നുവച്ചാൽ പ്രതിഷേധക്കാരും പോലീസും തമ്മി ലുള്ള യുദ്ധം എന്നായിരുന്നു അർത്ഥം. എന്നാൽ ഇപ്പോഴത്തെ യുദ്ധം നാട്ടുകാർക്കെതിരെക്കൂടിയായി മാറിയിരിക്കുന്നു. ദിവസേനയെ ന്നോണം മാർച്ച എന്ന സൈനിക സംജ്ഞയോടുകൂടിയ പ്രതിഷേധ പ്രക ടനം. അടി, വെടി. ഒന്നിടവിട്ട ദിവസ ങ്ങളിൽ ഹർത്താൽ എന്ന ഓമനപ്പേരിട്ട ബന്ദ്!

നാം എങ്ങോട്ടാണ് പോകുന്നതെന്ന് ആരെങ്കിലും - ആരെങ്കിലും - ചിന്തി ക്കാറുണ്ടോ? ഗാന്ധിജി ഒരു ഘട്ടം കഴി ഞ്ഞപ്പോൾ കോൺഗ്രസ്സിലെ പ്രാഥമി കാംഗത്വം പോലും രാജിവച്ച് കക്ഷിരാ ഷ്ട്രീയത്തിന്നതീതനായിത്തീർന്നു. ജയ പ്രകാശും അങ്ങനെത്തന്നെയാണുണ്ടാ യത്. നമുക്കിവിടെ കെ. കരുണാകര നുണ്ട് വയസ്സ് 90 ആയി; ഏതാണ്ട് അത്രതന്നെ പ്രായമായ ഗൗരിയമ്മ അപ്പുറത്തുണ്ട്. മറ്റുകക്ഷികളിലുമുണ്ട് തല നരച്ച, പകുതവന്ന നേതാക്കന്മാർ. ഇവരെല്ലാം വി. ആർ. കൃഷ്ണയ്യരെപ്പോ ലെ, കക്ഷിരാഷ്ട്രീയത്തിന്നതീതമായി, കേരളത്തിന്റെ പൊതു താൽപര്യത്തി ന്നുവേണ്ടി പ്രവർത്തിച്ചിരുന്നുവെങ്കിൽ, ഈ നാട് ഒരു ചെളിക്കുണ്ടായി മാറു ന്നത് തടയാമായിരുന്നില്ലേ? അഴിമ തിയും സ്വജനപക്ഷപാതവും ജാതീയ തയും വർഗ്ഗീയതയുമെല്ലാം കൂടിക്ക ലർന്ന് കെട്ടുനാറുന്ന ഇന്നത്തെ അവ സ്ഥക്കൊരു പരിഹാരമുണ്ടാക്കാൻ കഴി യുമായിരുന്നില്ലേ?

കേരളത്തിലെ പോലീസിനെപ്പറ്റി അധികം പേർക്കൊന്നും നല്ലൊരു വാക്കു പറയാനുണ്ടാകില്ലെന്നത് ശരിയാ ണ്. പക്ഷെ ആരാണീ പോലീസ്? ആഭ്യന്തര സുരക്ഷിതത്വമുണ്ടാക്കാനും നിയമപാലനം നടത്താനും നാം തന്നെ ശമ്പളം കൊടുത്തു നിർത്തിയിട്ടുള്ള ഒരു സേനാ വ്യൂഹമാണത്. അവരുടെ മെക്കട്ട് ചെന്നു കേറുന്നതിന് എന്താ ണർത്ഥം? അവരൊരു കിരാതസേനയാ ണെന്ന് രാഷ്ട്രീയക്കാർ കരുതുന്നുണ്ടെ ങ്കിൽ, അവരെ പിരിച്ചുവിടാവുന്നതേയു ള്ളൂ. കേരളത്തിൽ ബി.ജെ.പി. ഒഴി ച്ചുള്ള മിക്ക കക്ഷികളും ഒരിക്കലല്ലെ ങ്കിൽ മറ്റൊരിക്കൽ അധികാരത്തിൽ വന്നിട്ടുണ്ടല്ലോ. പോലീസിനെ അവർക്ക് പിരിച്ചുവിടാമായിരുന്നു. ഇപ്പോൾ പോലീസിന്റെ നേരെ "മാർച്ച്" ചെയ്യുന്നവർ രണ്ടുകൊല്ലം മുമ്പുവരെ ഇവിടെ ഭരണത്തിലിരുന്നവ രാണല്ലോ. പോലീസിനെ അനുസരി ക്കാൻ തയ്യാറാകാത്തിടത്തോളം ➡

# ഗുജറാത്തിൽനിന്ന് കുറെ കൗതുക വാർത്തകൾ

ഗുജറാത്ത് യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ ജൂൺ 10ന്ന് സമ്മേളിച്ച്, എൽ.എൽ.ബി. പരീക്ഷക്കിരുന്ന ഐ. പി. എസ്. ഉദ്യോഗസ്ഥനായ രജനീഷ് റായിയെ തോൽപിച്ചു.

ഇനി ഒരു ഫ്ളാഷ് ബാക്ക്.

2005: മുഖ്യമന്ത്രി മോഡിയെ വധിക്കാൻ പ്ലാനിട്ടെത്തിയ സൊഹ്റാബുദീനും അയാളുടെ ഭാര്യയും ഒരു കൂട്ടുകാരനും ഗുജറാത്ത് പോലീസുമായുള്ള ഏറ്റുമുട്ടലിൽ മരിച്ചതായി ഡെപ്യൂട്ടി ഐ.ജി. വൻസാര പ്രഖ്യാപിക്കുന്നു.

സൊഹ്റാബുദീന്റെ ബന്ധുക്കൾ സമർപ്പിച്ച ഒരു ഹർജിയുടെ അടിസ്ഥാനത്തിൽ ഈ ഏറ്റുമുട്ടലിനെപ്പറ്റി അന്വേ

---

നിങ്ങൾക്ക് ജനാധിപത്യത്തിന്റെ ഗുണഭോക്താവാനാകില്ല. പോലീസിന്റെ നേരെ കല്ലെറിയുന്നവർ യഥാർത്ഥത്തിൽ മുഖ്യമന്ത്രിയുടെ നേരെയാണ് കല്ലെറിയുന്നത്. പോലീസിന്റെ നേരെ "മാർച്ച്" ചെയ്യുന്നിടത്തോളം കാലം നമുക്ക് പോലീസിനെ നന്നാക്കിയെടുക്കാനാവില്ലെന്ന വസ്തുതകൂടി ഓർത്തിരിക്കേണ്ടതുണ്ട്.

ജനാധിപത്യത്തെക്കുറിച്ചുള്ള നമ്മുടെ തെറ്റിധാരണകൾ തിരുത്താൻ വൈകിയിരിക്കുന്നു. തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്നവരെ വിമോചനസമരത്തിലൂടെ പുറത്താക്കുന്നത് തനി ഫാസിസമാണെന്ന് തുറന്നു പറയാനുള്ള ആർജ്ജവബുദ്ധി ജനങ്ങൾക്കുണ്ടാകേണ്ടതുണ്ട്. അല്ലെങ്കിൽ പിന്നെ എന്തിനാണീ തിരഞ്ഞെടുപ്പ്? പ്രതിപക്ഷം പറയുന്നതുപോലെ ഭരിക്കാനായിരുന്നുവെങ്കിൽ, ജനങ്ങൾ പ്രതിപക്ഷത്തെ ജയിപ്പിക്കുമായിരുന്നു വല്ലോ? ഒരു തിരഞ്ഞെടുപ്പു കഴിഞ്ഞാൽ അഞ്ചുകൊല്ലം ക്ഷമിച്ചിരിക്കാൻപോലും പ്രതിപക്ഷത്തിന്നാവില്ലെങ്കിൽ, നമുക്ക് ഭരണഘടനാ ഭേദഗതി ചെയ്യാവുന്നതേയുള്ളൂ. ഏതെങ്കിലും ഒരു പാഠപുസ്തകം പഠിപ്പിക്കാൻ പാടില്ലെന്നു പറയാൻ ജനാധിപത്യത്തിൽ ആർക്കാണവകാശം? എന്തുപഠിപ്പിക്കണമെന്നും എന്തു പഠിപ്പിക്കേണ്ടെന്നും പറയാൻ ഗവർമ്മേണ്ടിന്ന് അധികാരമുണ്ട്. അതിൽ പ്രതിഷേധമുള്ളവർക്ക് അക്കാര്യം ഗവർമ്മേണ്ടിനെ അറിയിക്കാം; ഫലമില്ലെങ്കിൽ ജനങ്ങളെ ബോധ്യപ്പെടുത്താം. ഏതെങ്കിലും ഒരു പാർട്ടിയുടേയോ സമുദായത്തിന്റേയോ മതത്തിന്റേയോ ഇഷ്ടാനിഷ്ടങ്ങൾക്ക് ഇവിടെ ഒരു പ്രസക്തിയുമില്ല.

നമ്മൾ ഒരു കാര്യം ഓർത്തേ തീരൂ. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ നൂറോളം രാജ്യങ്ങൾ ലോകത്തിലുണ്ട്. അവയിൽ മിക്കതിലും ഇന്ന് സ്വേഛാധിപത്യമോ പട്ടാളഭരണമോ ആണ് നിലവിലുള്ളത്. ജനാധിപത്യം അരാജകത്വത്തിലേക്കും അരാജകത്വം സ്വേഛാധിപത്യത്തിലേക്കും വഴുതിവീണ കഥയാണ് ഇവയിൽ ഓരോന്നിനും പറയാനുള്ളത്. നമുക്കും ഇതേ ദുർഗതി വരാതിരിക്കണമെങ്കിൽ ഇവിടത്തെ രാഷ്ട്രീയ കക്ഷികൾ ജനാധിപത്യബോധം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ഹിംസയിലൂടെ, അതിക്രമത്തിലൂടെ ഈ ലോകത്തിൽ ആർക്കും ഒന്നും നേടാനായിട്ടില്ല – വ്യക്തിക്കായാലും പാർട്ടിക്കായാലും രാജ്യത്തിന്നായാലും. ❑

ഷിച്ചു റിപ്പോർട്ടുചെയ്യാൻ സുപ്രീം കോടതി 2006 ൽ ഗുജറാത്തിലെ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെടുന്നു.

ഈ കേസിനെപ്പറ്റി അന്വേഷിക്കാൻ സി.ഐ.ഡി. മേധാവിയായ ഗീതയോട് ഡയറക്ടർ ജനറൽ ആവശ്യപ്പെടുന്നു. 2006 ഡിസംബറിൽ ഗീത സമർപ്പിച്ച റിപ്പോർട്ടിൽ ഗുജറാത്തിൽ നടന്നത് കൃത്രിമ ഏറ്റുമുട്ടലാണെന്ന് സ്ഥാപിക്കുന്നു.

ഇതിനെത്തുടർന്ന് ഗീതയെ സ്ഥലം മാറ്റുകയും പകരം രജനീഷ് റായിയെ നിയമിക്കുകയും കേസന്വേഷണത്തിന്റെ ചുമതല അദ്ദേഹത്തിന്നു നൽകുകയും ചെയ്യുന്നു.

കേസന്വേഷണം ഏറ്റെടുത്ത രജനീഷ് റായ് 2007 ഏപ്രിലിൽ വൻസാരയേയും മറ്റു രണ്ട് ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരേയും കൊലക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്യുന്നു.

2008 ഏപ്രിലിൽ ഗുജറാത്ത് യൂനിവേഴ്സിറ്റിയുടെ എൽ.എൽ.ബി. പരീക്ഷക്ക് ഗാന്ധി നഗറിലെ ഒരു കോളേജിൽ രജനീഷ് ഹാജരായി. പരീക്ഷ നടന്നുകൊണ്ടിരിക്കെ രജനീഷിന്റെ കയ്യിലുണ്ടായിരുന്ന സ്കെയിൽ സൂപ്രവൈസർ പിടിച്ചെടുത്തു.

സ്കെയിലിന്മേൽ എന്തോ കുറിച്ചിട്ടിട്ടുണ്ടായിരുന്നുവെന്നാണ് സൂപ്രവൈസർ പറയുന്നത്. രജനീഷ് കോപ്പിയടിക്കുകയാണെന്നു പറഞ്ഞ് അദ്ദേഹത്തിന്റെ ഉത്തരകടലാസ് പിടിച്ചെടുത്തു. തർക്കം മൂത്തപ്പോൾ പരീക്ഷയെഴുതുന്നത് തുടരാൻ അനുമതി നൽകിയെങ്കിലും സ്കെയിൽ സുപ്രവൈസർ കൊണ്ടുപോയി.

ഗുജറാത്തിലെ ആഭ്യന്തരകാര്യ സഹമന്ത്രി അമിത് ഷായുടെ നിർദ്ദേശപ്രകാരം അന്നത്തെ ഗുജറാത്ത് സർവ്വകലാശാലാ മേധാവിമാർ ഈ കോപ്പിയടിക്കേസ് റിഫോംസ് കമ്മിറ്റിക്ക് വിട്ടു. സൊഹറാബുദീൻ കേസിൽ വൻസാരയേയും മറ്റും അറസ്റ്റ് ചെയ്തതിൽ ഗവർമ്മേണ്ടിനുള്ള അപ്രീതിയാണത്രെ ഇതിന്ന് പിന്നിൽ.

സൂപ്രവൈസർ പിടിച്ചെടുത്ത സ്കെയിൽ കോളേജ് പ്രിൻസിപ്പലിനെ ഏല്പിച്ചുവെന്ന് സൂപ്രവൈസർ പറയുന്നു. താനത് കണ്ടിട്ടില്ലെന്ന് പ്രിൻസിപ്പലും പറയുന്നു. ഏതായാലും കമ്മിറ്റിക്ക് തെളിവായൊന്നും കിട്ടിയില്ല. സൂപ്രവൈസർ രേഖാമൂലം ഒരു പരാതി പോലും സമർപ്പിച്ചിട്ടില്ല. എങ്കിലും സൂപ്രവൈസർ പറഞ്ഞുവെന്നതിന്റെ അടിസ്ഥാനത്തിൽ രജനീഷിനെ എല്ലാ വിഷയത്തിലും തോല്പിക്കാൻ കമ്മിറ്റി ശുപാർശ നൽകി. യൂനിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ ജൂൺ 10ന്ന് സമ്മേളിച്ച് ഈ ശുപാർശ ചർച്ചക്കെടുത്തപ്പോൾ കോൺഗ്രസ് അനുഭാവികളായ ചിലർ എതിർത്തു. എന്നാൽ ഭൂരിപക്ഷവും അനുകൂലിച്ചതിനാൽ, രജനീഷിനെ തോൽപ്പിച്ചു.

തന്റെ സ്കെയിലിന്മേൽ വല്ല കോറലോമറ്റോ ഉണ്ടായിരുന്നുവോ എന്ന് തനിക്കറിയില്ലെന്നാണ് രജനീഷ് പത്രക്കാരോട് പറഞ്ഞത്. ആറുവയസ്സുള്ള തന്റെ മകന്റെ സ്കെയിലാണതെന്നും, മകൻ അതിന്മേൽ വല്ലതും കോറുകയോ കുറിക്കുകയോ ചെയ്തിട്ടുണ്ടായെന്നുവരാമെന്നും അദ്ദേഹം പറഞ്ഞു. സ്കെയിലിന്മേൽ എന്താണുള്ളതെന്നറിയാൻ അത് ഹാജരാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു; പക്ഷെ സ്കെയിൽ കാണാനില്ല എന്നായിരുന്നു പ്രിൻസിപ്പലിന്റെ മറുപടി! ❑

# നീതിന്യായപീഠങ്ങളിലെ അഴിമതി തടയാൻ

**- ഫാലി എസ്. നരിമാൻ -**

"ഗവർമ്മേണ്ടിലും നീതിന്യായ രംഗത്തും നാം ഒരുപോലെ അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലുവിളിയാണ് അഴിമതി"- മുഖ്യമന്ത്രിമാരുടേയും ഹൈക്കോടതി ചീഫ് ജസ്റ്റീസുമാരുടേയും സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞതാണിത്. (2008 ഏപ്രിൽ 19)

തീരെ സുതാര്യതയില്ലാത്ത ഒരു തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്നവനാണ് ഞാൻ. കറുത്ത കുപ്പായമണിഞ്ഞ തങ്ങളുടെ പ്രതിനിധികൾ കോടതിയിൽ തട്ടിവിടുന്നത് എന്തെല്ലാമാണെന്ന് അവരെ അതിന്നു നിയോഗിച്ച ഇടപാടുകാർക്ക് ഒരു ചുക്കും അറിയില്ല. അതുപോലെത്തന്നെ ന്യായാധിപ അങ്കിയണിഞ്ഞവർ ബെഞ്ചിലിരുന്നുകൊണ്ട് പുറപ്പെടുവിക്കുന്ന നീണ്ടുപോകുന്ന വിധികളുടെ അർത്ഥം എന്താണെന്നും സാധാരണക്കാർക്ക് അറിയാൻ കഴിയില്ല.

നീതിന്യായപീഠങ്ങൾ, പ്രത്യേകിച്ചും ഉന്നതസ്ഥാനങ്ങൾ സ്വയമൊരു മിഥ്യാലോകത്തിൽ പ്രതിഷ്ഠിച്ചിരിക്കുകയാണ്. അവയെക്കുറിച്ചുള്ള കാര്യങ്ങളെല്ലാം വല്ലാത്തൊരു മൂടുപടത്തിന്നടിയിൽ ഒളിപ്പിക്കപ്പെട്ടിരിക്കുന്നു. ജഡ്ജിമാർ നിയമിക്കപ്പെടുന്നതെങ്ങനെയാണ്? എന്തുകൊണ്ടാണവർ നിയമിക്കപ്പെട്ടത്? അവരുടെ പോരായ്മകളെന്തെല്ലാമാണ്? ഈ പോരായ്മകളെ കൈകാര്യം ചെയ്യുന്നതെങ്ങനെയാണ്? ഈവക ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരം ധാർഷ്ട്യത്തോടുകൂടിയതായിരിക്കും. "ഞങ്ങളെ ചോദ്യം ചെയ്യാൻ താൻ ആരാണ്? നീതിന്യായ സംവിധാനത്തിന്ന് ഏറ്റവും നല്ലതെന്താണെന്ന് ഞങ്ങൾക്കറിയാം" എന്ന മട്ടിലായിരിക്കും മറുപടി.

നീതിന്യായ പീഠങ്ങളിലിരിക്കുന്നവരുടെ തെറ്റു തുറന്നുകാട്ടാൻ ആരെങ്കിലും ശ്രമിച്ചാൽ ഉടൻ തിരിച്ചടി കിട്ടും; കോർട്ടലക്ഷ്യത്തിന്ന് തടവോ പിഴയോ വിധിക്കും. മാധ്യമങ്ങൾ അതായത് പത്രക്കാർ, അനങ്ങാനാകാത്ത സ്ഥിതിയിലാണ്. ചില വർഷങ്ങൾക്കു മുമ്പ്, പൂന്തോട്ട നഗരമെന്ന് വിഖ്യാതമായ ബാംഗ്ലൂരിൽ ചേർന്ന ഒരു സമ്മേളനത്തിൽ ഒരു അമേരിക്കൻ പ്രതിനിധി വിവരിച്ച കഥ - യഥാർത്ഥ സംഭവം - ഇവിടെ ഓർത്തുപോകുന്നു. പ്രമുഖനായൊരു അമേരിക്കൻ പത്രപ്രവർത്തകൻ പറഞ്ഞതാണിത്. കോടതിമുമ്പാകെയുള്ള ഒരു കേസിനെപ്പറ്റി അല്പം വിസ്തരിച്ചുതന്നെ അയാൾ റിപ്പോർട്ട് ചെയ്തു. ജഡ്ജിക്ക് അത് രസിച്ചില്ല. അദ്ദേഹം പത്രപ്രവർത്തകനെതിരെ നടപടിക്ക് മുതിർന്നു. പത്രക്കാരനും വിട്ടില്ല. അങ്ങയുടെ ഔദാര്യമൊന്നും ഞങ്ങൾക്കാവശ്യമില്ല. അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിന്ന് ഉറപ്പുനൽകുന്ന ഒന്നാം ഭരണഘടനാഭേദഗതി ഞങ്ങളുടെ പക്ഷത്തുണ്ട്. ഞങ്ങൾ അതും വച്ച് പോരാടും എന്ന് പത്രക്കാരൻ അല്പം ധാർഷ്ട്യത്തോടെത്തന്നെ പറഞ്ഞു. ജഡ്ജി ശാന്തനായി മറുപടി നൽകി; നിങ്ങൾക്കു പോരാടാം. പക്ഷെ ഈ അങ്കക്കളരിയിലെ അമ്പയർ ആരാണെന്ന് ഓർത്തിരിക്കണം. (അതായത് ഭരണഘടന വ്യാഖ്യാനിക്കാനുള്ള അധികാരം കോടതിക്കാണെന്നർത്ഥം.)

നമ്മുടെ സുപ്രീംകോടതിയിൽനിന്ന് അടുത്ത കാലത്ത് ഒന്നോ രണ്ടോ മികച്ച വിധിയുണ്ടായെങ്കിലും, ഇന്ത്യയുടെ അമ്പയറിന്റെ മുഖം ഇരുണ്ടതും ഭീതിജനകവുമാണ്.

അപൂർവ്വം ചില അപവാദങ്ങളുണ്ടെങ്കിലും നമ്മുടെ ഉന്നത ന്യായാസനങ്ങളിലിരിക്കുന്നവർ, അവർക്കിടയിലെ ആർക്കെങ്കിലുമെതിരെ ഒരാരോപണം ഉയർന്നുവരുമ്പോൾ, എല്ലാവരും ഒറ്റക്കെട്ടായിത്തീരുന്നു. ജഡ്ജി ചെയ്തത് തെറ്റാണെന്ന് ഉത്തമബോധ്യമുണ്ടായിരുന്നാൽപോലും, തെറ്റുചെയ്തവനെ രക്ഷിക്കാൻ മറ്റുള്ളവർ ഒത്തുനിൽക്കും. ഉന്നത ന്യായാസനങ്ങളിൽ പടർന്നുപിടിച്ചിരിക്കുന്ന ട്രേഡ് യൂണിയൻ വീര്യമെന്ന് ഇതിനെ വിശേഷിപ്പിക്കാം.

ചില വർഷങ്ങൾക്കുമുമ്പ് ഇതിവിടെ സംഭവിക്കുന്നത് ഞാൻതന്നെ കാണുകയുണ്ടായി. ദക്ഷിണേന്ത്യയിലെ ഹൈക്കോടതികളിലൊന്നിലെ രണ്ടോ മൂന്നോ സ്ഥിരം ജഡ്ജിമാരെക്കുറിച്ചായിരുന്നു റിപ്പോർട്ട്. നഗരപ്രാന്തത്തിലുള്ള ചീത്തപ്പേരുള്ള ഒരു സങ്കേതത്തിൽ ഇവരെ ചില പത്രക്കാർ കണ്ടെത്തി എന്നായിരുന്നു റിപ്പോർട്ട്. ഇതു സംബന്ധിച്ച വാർത്ത പത്രങ്ങളിൽ വന്നപ്പോൾ ആദ്യം അത് നിഷേധിക്കപ്പെടുകയാണുണ്ടായത്. പക്ഷെ അന്നത്തെ ഇന്ത്യൻ ചീഫ് ജസ്റ്റീസ് ഈ സംഭവത്തെപ്പറ്റി ഒരന്വേഷണം നടത്താൻ മറ്റൊരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസിനെ നിയോഗിച്ചു.

ആ ഹൈക്കോടതി ചീഫ് ജസ്റ്റീസ് അന്വേഷണമാരംഭിച്ചപ്പോൾ, നഗരത്തിലെ വളരെയധികം പത്രക്കാർക്കെതിരെ സംസ്ഥാന ഹൈക്കോടതി കോർട്ടലക്ഷ്യ നടപടി തുടങ്ങി. അതോടെ പത്രക്കാർ അങ്കലാപ്പിലായി. കേസന്വേഷിക്കുന്ന ചീഫ് ജസ്റ്റീസ് മുമ്പാകെ തങ്ങൾക്കറിയാവുന്ന കാര്യങ്ങൾ തുറന്നു പറഞ്ഞാൽ, അതുതന്നെ തങ്ങൾക്കെതിരായ കോർട്ടലക്ഷ്യത്തിന്ന് തെളിവാക്കിയാലോ? അപ്പോഴേക്കും ജഡ്ജിമാരുൾപ്പെട്ട കേസ് കേട്ടുകേൾവിയിലൂടെ രാജ്യത്താകെ പ്രചരിച്ചുകഴിഞ്ഞിരുന്നു. എല്ലാവർക്കും, എന്നുവച്ചാൽ ഏതാണ്ടെല്ലാവർക്കുംതന്നെ കേസ് സംബന്ധിച്ച എല്ലാ വിവരവും അറിയാമെന്നായി; എന്നാൽ ആരും പരസ്യമായൊന്നും പറയുകയുമില്ല. കോർട്ടലക്ഷ്യക്കേസിൽ ഉൾപ്പെട്ടിരുന്നത് ഇന്ത്യയിലെ പ്രമുഖ പത്രങ്ങളാകയാൽ, അവർ സുപ്രീംകോടതിയെ ശരണം പ്രാപിച്ചു. കോടതി എന്നെ നിഷ്പക്ഷോപദേഷ്ടാവായി നിയമിച്ചു. ബുദ്ധിമാനായ ചീഫ്ജസ്റ്റീസ് ഖരെ കേസിന്റെ മർമ്മം കണ്ടറിഞ്ഞു. കോർട്ടലക്ഷ്യ നടപടികളെല്ലാം സ്റ്റേ ചെയ്തുകൊണ്ട് അദ്ദേഹം കൽപ്പനയും പുറപ്പെടുവിച്ചു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം നീതിന്യായ രംഗത്തെ അഴിമതികൾ തുറന്നുകാട്ടുന്നതിൽ നമ്മുടെ പത്രങ്ങൾ വഹിച്ച പങ്ക് ശുദ്ധശൂന്യമാണെന്ന് ഞാനിവിടെ ഖേദപൂർവ്വം പറയട്ടെ. നീതിന്യായ രംഗത്തെ അഴിമതി പിഴുതെറിയാൻ നാം വ്യത്യസ്തമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു.

തിരുമാലികളായ ജഡ്ജിമാർക്ക് പണിയൊന്നും നൽകാതിരിക്കുക എന്നത് ഒരു താൽക്കാലിക പരിഹാരം മാത്രമാണ്. നീതിന്യായ രംഗത്ത്, സുതാര്യമായൊരു സ്വയം നിയന്ത്രണ സംവിധാനമുണ്ടാക്കാൻ സമയമായിരിക്കുന്നു. ഹൈക്കോടതികളിലേയോ സുപ്രീംകോടതിയിലേയോ ഒരു സംഘം ജഡ്ജിമാരെ ഇതിന്ന് നിയോഗിക്കണം.

ഒരു ചീഫ്ജസ്റ്റീസ് തന്നെ തിരുമാലിയായാൽ നിങ്ങളെന്തുചെയ്യും? ഒരു ജഡ്ജി ഒരു ദിവസം ചീഫ് ജസ്റ്റീസായി സ്ഥാനമേൽക്കുന്നു. അദ്ദേഹത്തിന്ന് വെറും മൂന്നാഴ്ചയേ ആ സ്ഥാനത്തിരിക്കാൻ കഴിയൂ. അപ്പോഴേക്കും ഭരണ

ഘടനാ വ്യവസ്ഥപ്രകാരം അദ്ദേഹത്തിന്ന് 65 വയസ്സു തികയും; അപ്പോൾ റിട്ടയർ ചെയ്യണം. അങ്ങനെ ചീഫ് ജസ്റ്റീസിന്റെ കസേരയുടെ വക്കത്ത് ഇരിക്കാൻ അവസരം കിട്ടിയ ഒരാൾ സുപ്രീംകോടതിയിലെ രജിസ്ട്രാറോട് രണ്ടുമൂന്നു കേസുകൾ ക്രമം തെറ്റിച്ച് തന്റെ ബഞ്ചിലേക്ക് മാറ്റാൻ ആവശ്യപ്പെടുന്നു. ദീർഘകാലമായി കോടതി മുമ്പാകെ നിൽക്കുന്നതും വനസ്പതി കുംഭകോണം എന്ന് കുപ്രസിദ്ധമായതുമായ കേസുകളാണിവ. ആ കേസ് ചീഫ് ജസ്റ്റീസിന്റെ ബഞ്ചിൽ ഹ്രസ്വമായൊരു വാദം കേൾക്കലിന്നുശേഷം പെട്ടെന്നു തീരുമാനിക്കുന്നു; പ്രതികളെയെല്ലാം വെറുതെ വിടുന്നു. ഇത് സംഭവിച്ചതാണ്; കുറച്ചുകൊല്ലങ്ങൾക്കുമുമ്പുണ്ടായ സംഭവമാണിത്.

എന്നാൽ അന്ന് സുപ്രീംകോടതിയുടെ പ്രതികരണമെന്തായിരുന്നുവെന്നതാണിവിടെ പ്രധാനം. സുപ്രീംകോടതി ചെയ്തതെന്താണ്? തുടർന്ന് സ്ഥാനമേറ്റ ചീഫ് ജസ്റ്റീസ് കനിയ എന്തുചെയ്തു? വകതിരിവുള്ള ഏതു ജഡ്ജിയും ചെയ്യുമായിരുന്നത് തന്നെയാണ് അദ്ദേഹം ചെയ്തത്. യാതൊരുവിധ ബഹളവും ഒച്ചപ്പാടും ഉണ്ടാക്കാതെ അദ്ദേഹം വനസ്പതി കേസുകൾ റവ്യൂവിന് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. വാദംകേട്ട് വിധി പ്രഖ്യാപിച്ചുകഴിഞ്ഞ കേസാണിത്. എന്നിട്ടും അത് തിരിച്ചു വിളിച്ച് ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാൻ കല്പിച്ചു. ഏറ്റവും സീനിയർമാരായ മൂന്നു ജഡ്ജിമാരടങ്ങിയ ഒരു ബഞ്ചിനേയും അതിന്നായി നിയോഗിച്ചു. പുതിയ ബഞ്ചിൽ വാദം കേട്ടശേഷം വിധി പറഞ്ഞു. ആദ്യത്തെ വിധിക്ക് വിപരീതമായിരുന്നു ഈ വിധി എന്നു പറയേണ്ടതില്ല. പക്ഷെ അതു തീർത്തും ഗുണദോഷാടിസ്ഥാനത്തിലുള്ളതായിരുന്നു. ഇതെല്ലാം സുപ്രീംകോടതി സ്വമേധയാ ചെയ്തതാണ്. ഇതിൽ രഹസ്യമായൊന്നുമില്ല. എല്ലാം തുറന്ന കോടതിയിൽ വച്ചായിരുന്നു. ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്ന് അങ്ങേയറ്റത്തെ വിശ്വാസ്യത കൈവരുത്തിയ സംഭവമാണിത്.

ഈ സംഭവത്തെ അടുത്ത അവസരത്തിലുണ്ടായ മറ്റൊരു സംഭവവുമായി ഒന്നു താരതമ്യപ്പെടുത്തിനോക്കൂ. ഞാനീ പറയുന്നത് തികഞ്ഞ ഉത്തരവാദിത്വ ബോധത്തോടെയാണ്. ഒരു പക്ഷെ അൽപം ഖേദം കൂടി ഉൾപ്പെട്ടിരിക്കാം. മറ്റുവിധത്തിൽ പ്രാപ്തനും പ്രഗത്ഭനുമായ ഒരു ചീഫ് ജസ്റ്റീസ് ഈയിടെ റിട്ടയർ ചെയ്തു. ഇപ്പോഴത്തെ ചീഫ് ജസ്റ്റിസ് സ്ഥാനമേൽക്കുന്നതിന്ന് തൊട്ടുമുമ്പാണത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഒരു ബഞ്ച് ദൽഹിയിലെ വികസന നിയന്ത്രണ നിയമം കർക്കശമാക്കി നടപ്പാക്കാൻ കല്പിച്ചു.

ഒട്ടേറെ സ്ഥലങ്ങൾ മുദ്രവച്ചു; നിയമപ്രകാരമല്ലാത്ത വീടുകൾ പൊളിച്ചുകളയാൻ കല്പിച്ചു. ഇതെല്ലാം വലിയ ക്ഷോഭമുണ്ടാക്കി. അതെല്ലാം നല്ലതിനാണെന്നു കരുതുക. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ ആരോപണങ്ങൾ പുറത്തുവന്നുതുടങ്ങി പത്രങ്ങളിൽ പരസ്യമായിത്തന്നെ, രേഖാസമേതം, അവ പ്രസിദ്ധീകരിച്ചു. ഇതിന്റെയെല്ലാം പിന്നിൽ മറ്റെന്തോ ഉണ്ടെന്ന് എല്ലാവരും പറഞ്ഞു.

ആരോപണങ്ങളുടെ സ്വഭാവം ഇതായിരുന്നു: അധിവാസ മേഖലകളിലെ വാണിജ്യ പ്രവർത്തനം പൂട്ടി മുദ്രവച്ചുകൊണ്ടിരുന്ന അതേസമയത്ത്, റിട്ടയർ ചെയ്ത ഈ ചീഫ് ജസ്റ്റീസിന്റെ ഔദ്യോഗിക വസതിയിൽതന്നെ മൂന്നു കമ്പനികളുടെ ഓഫീസുകൾ പ്രവർത്തിച്ചിരുന്നു! റിട്ടയർചെയ്ത ചീഫ് ജസ്റ്റീസിന്റെ പുത്രൻമാരുടെ ഉടമസ്ഥതയിലുള്ള കമ്പനികളായിരുന്നു അവ. കമ്പനി രജിസ്ട്രാറുടെ ഓഫീസിലുള്ള

രേഖകൾതന്നെ അതു തെളിയിക്കുന്നു. ഈ വാർത്ത കോടതിയെ അവഹേളിക്കുന്ന ഒന്നാണെന്ന് ഒരു അഭിഭാഷകൻ പരാതിപ്പെട്ടു. റിട്ടയർ ചെയ്ത ചീഫ് ജസ്റ്റീസിനെ കളങ്കപ്പെടുത്തുന്നതാകയാൽ ഇന്ത്യൻ ന്യായാസനങ്ങൾക്ക്തന്നെ നാണക്കേടുണ്ടാക്കുന്ന വാർത്തയാണിതെന്നും പരാതിപ്പെട്ടിട്ടുണ്ട്.

ഈ വാർത്ത ദൽഹി ഹൈക്കോടതിയിലെ രണ്ടു ജഡ്ജിമാരടങ്ങിയ ഒരു ബഞ്ച് മുമ്പാകെ വന്നു. ജഡ്ജിമാർ ഉടൻതന്നെ സ്വമേധയാ കോർട്ടലക്ഷ്യക്കേസെടുത്തു. കോടതികളെ അവഹേളിച്ചതിന്ന് പത്രത്തിന്റെ പത്രാധിപർ, പ്രിന്റർ, പബ്ലിഷർ എന്നിവർക്കെല്ലാം നോട്ടീസയച്ചു. ഈ പ്രശ്ന പുരുഷൻ റിട്ടയർ ചെയ്ത ഒരു ജഡ്ജിയാണെന്നും, അയാൾ സർവ്വീസിലില്ലെന്നതുമുള്ളത് ഹൈക്കോടതിക്ക് പ്രശ്നമായി തോന്നിയില്ല. ഒരുപക്ഷെ അതു ശരിയാകണം. ഒരാൾ ജഡ്ജിയായിരിക്കെ എന്തെല്ലാം പരാക്രമങ്ങൾ കാണിച്ചുവെന്നത് അയാൾ റിട്ടയർ ചെയ്തു കഴിഞ്ഞാലും ന്യായാസനങ്ങൾക്ക് കളങ്കമുണ്ടാക്കുമായിരിക്കും.

പത്രം ഒരു കാർട്ടൂണും പ്രസിദ്ധീകരിക്കുകയുണ്ടായി. മുൻ ചീഫ് ജസ്റ്റീസ്, ജഡ്ജിയുടെ മേലങ്കിയുമണിഞ്ഞ് കയ്യിലൊരു സഞ്ചിയുമായി നിൽക്കുകയാണ്. സഞ്ചിയിൽനിന്ന് കറൻസി നോട്ടുകൾ നിറഞ്ഞുകവിഞ്ഞൊഴുകുന്നു. ഫുട്പാത്തിലിരിക്കുന്ന ഒരു മനുഷ്യൻ പറയുന്നു; സഹായിക്കണേ! വ്യാപാര കേന്ദ്രം നിങ്ങളുടെ കോടതിയിലാണ്. ഈ കാർട്ടൂണും ന്യായാസനങ്ങളെ അവഹേളിക്കുന്നതാണെന്ന് ദൽഹി ഹൈക്കോടതി കണ്ടെത്തി. തീർച്ചയായും അതു ശരിയാണ്. തന്മൂലം എഡിറ്റർ, പ്രിന്റർ, പബ്ലിഷർ, കാർട്ടൂണിസ്റ്റ് എന്നിവർക്ക് കൂട്ടത്തോടെ കോർട്ടലക്ഷ്യ നോട്ടീസയച്ചു.

ധീരനായ നമ്മുടെ സീനിയർ അഭിഭാഷകരിലൊരാളായ ശാന്തി ഭൂഷണനാണ് പത്രത്തിന്നുവേണ്ടി ഹൈക്കോടതിയിൽ ഹാജരായി വാദം നടത്തിയത്. ദൽഹിയിലെ വാണിജ്യസ്ഥാപനങ്ങൾ പൂട്ടി മുദ്രവച്ചതിന്റെ ഗുണഭോക്താക്കൾ റിട്ടയേർഡ് ചീഫ് ജസ്റ്റീസിന്റെ പുത്രന്മാരാണെന്ന് കോടതി മുമ്പാകെയുള്ള രേഖകൾ തെളിയിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

പക്ഷെ കാര്യമുണ്ടായില്ല. എഡിറ്റർ മുതൽ കാർട്ടൂണിസ്റ്റ് വരെ എല്ലാവരും കോർട്ടലക്ഷ്യം കാണിച്ചതായി ഹൈക്കോടതി വിധിച്ചു. ഇതിന്നുള്ള ശിക്ഷ വിധിക്കാനായി കേസ് പത്തു ദിവസത്തേക്ക് നീട്ടിവച്ചു. ഈശ്വരാനുഗ്രഹംകൊണ്ട് നമുക്കൊരു സുപ്രീം കോടതിയുണ്ട്. ദൽഹി ഹൈക്കോടതി അതിന്റെ ശിക്ഷ വിധിക്കും മുമ്പ് സുപ്രീംകോടതി ഇടപെട്ടു. സുപ്രീം കോടതിയുടെ അനുമതിയോടെ മാത്രമേ ഹൈക്കോടതിവിധി നടപ്പാക്കാവൂ എന്നാണ് കോടതിയുടെ കല്പന. കേസ് അങ്ങനെ കിടക്കുന്നു.

സുപ്രീംകോടതിയോട് ഞാൻ കൃതജ്ഞനാണ്. പക്ഷെ ഇതൊക്കെ താൽക്കാലികാശ്വാസ നടപടികളേ ആകുന്നുള്ളൂ. ന്യായാസനങ്ങളിലെ ഉന്നത സ്ഥാനങ്ങളിലെ അഴിമതി തടയേണ്ടത് ഇങ്ങനെയല്ല. അതിന്നു വേറെ വഴിയുണ്ട്; അത്തരം മാർഗ്ഗങ്ങൾ സ്ഥാപനവൽക്കരിക്കണം. നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യതക്ക് കോട്ടം തട്ടാത്തവിധത്തിലാകണം അത്. ഒരു ജുഡീഷ്യൽ ഓംബുഡ്സ്മാനാണ് ആ പോംവഴി.

ന്യായമായ പരാതികൾ പരിശോധിക്കാൻ സംവിധാനമുണ്ടെന്ന് ജനങ്ങൾ അറിയുന്നതോടെ അവർ നേരിട്ട് ആ അഥോറിട്ടിയെ സമീപിക്കും. പരാതി പരിശോധിക്കാൻ സംവിധാനമുണ്ടെന്നു വന്നാൽ പിന്നെ ഊഹാപോഹങ്ങൾ ഉയർന്നുവരില്ല.

❏

# സാമൂഹ്യ ഓഡിറ്റിങ് എന്ന അപകടകരമായ പണി

- മിഹിർ ഷാ -

ഝാർഖണ്ഡിലെ വികാസ് സഹയോഗ് കേന്ദ്ര എന്ന സന്നദ്ധസംഘടനയിലെ മുഴുവൻ സമയ പ്രവർത്തകനായ ലളിതകുമാർ മേത്ത കഴിഞ്ഞ മേയ് 14ന്ന് വീട്ടിലേക്ക് മടങ്ങുന്ന അവസരത്തിൽ കൊല്ലപ്പെട്ടു. 36 വയസ്സുള്ള ലളിതകുമാറിന്ന് ആദിവാസിയായ ഭാര്യയും രണ്ടു കുട്ടികളുമുണ്ട്.

ഝാർഖണ്ഡിലെ പലാമു ജില്ലയിൽ 15 കൊല്ലമായി പ്രവർത്തിച്ചുവരുന്ന സംഘടനയാണ് വികാസ് സഹയോഗ്. ആദിവാസികളുടെ നേതൃത്വത്തിലുള്ളതാണ് ഈ സംഘടന. കാട്ടിലെ പ്രകൃതി വിഭവങ്ങളുടെ മേൽ തങ്ങൾക്കുള്ള അവകാശം ഉറപ്പിച്ചുകിട്ടാനായി പ്രവർത്തിച്ചുവരുന്ന സംഘടനയാണിത്. ഇന്ത്യയിലെ ഏറ്റവും പിന്നണിയിൽ കിടക്കുന്ന ആദിവാസി മേഖലകളിലൊന്നാണ് പലാമു. പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമായ ഈ മേഖലയിൽ പട്ടിണിയും ദാരിദ്ര്യവും അഴിഞ്ഞാട്ടം നടത്തുന്നു. ജനകേന്ദ്രീകൃതമായൊരു സമീപനമുണ്ടെങ്കിൽ ഈ ദാരിദ്ര്യത്തിന്ന് എളുപ്പത്തിൽ അറുതി വരുത്താൻ കഴിയും. വികാസ് സഹയോഗിന്റെ പ്രവർത്തനവും അത്തരത്തിലുള്ളതാണ്. അതിന്നവർ കേന്ദ്രഗവർമ്മേണ്ട് പ്രഖ്യാപിച്ച തൊഴിലുറപ്പു പദ്ധതിയെ കരുവാക്കുന്നു. ലളിതകുമാറിനെപ്പോലുള്ള സന്നദ്ധ പ്രവർത്തകർ കുറച്ചു കാലമായി ഇതിന്നു നേതൃത്വം നൽകി വരികയായിരുന്നു.

തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് മാന്യന്മാർക്കെല്ലാം ആക്ഷേപമാണുള്ളത്. ഇടതുപക്ഷക്കാർക്കും വലതുപക്ഷക്കാർക്കും പക്ഷഹീനന്മാർക്കുമെല്ലാം അതിനോട് പുഛമാണ്. വലതുപക്ഷക്കാരായ രാഷ്ട്രീയക്കാർ അതിനെ നിരർത്ഥകമായൊരു ആശ്വാസ പദ്ധതിയായി കാണുന്നു. ഗവർമ്മേണ്ട് കൃഷിക്കും ഗ്രാമീണ വികസനത്തിന്നുമായി സമയവും പണവും പാഴാക്കുകയാണ്. അതു കമ്മി വർദ്ധിപ്പിക്കും വ്യവസായ വൽക്കരണത്തിലും നഗരവൽക്കരണത്തിലുമാണ് ഗവർമ്മേണ്ട് ശ്രദ്ധ പതിപ്പിക്കേണ്ടതെന്ന് അവർ കരുതുന്നു.

അനാവശ്യമായ നൂലാമാലാകൾ ഉണ്ടാക്കുന്ന ഒന്നാണ് തൊഴിലുറപ്പു പദ്ധതിയെന്ന് മധ്യവർത്തികളായ മാന്യന്മാർ കരുതുന്നു. അർഹരായവർക്ക് ഗവർമ്മേണ്ട് നേരിട്ടു ധനസഹായം നൽകുന്നതാണ് ഉത്തമമെന്ന് അവർ പറയുന്നു.

ഈ ശുദ്ധാത്മാക്കൾ, മരം തടഞ്ഞ് കാടുകാണാത്തവരെപ്പോലെയാണ് സംസാരിക്കുന്നത്. ഇന്ത്യയിലെ ഉൾനാടുകളിലെ ഭരണസംവിധാനത്തെപ്പറ്റി ഒരു ചുക്കും അറിവില്ലാത്തവരാണിവർ. തൊഴിലുറപ്പു പദ്ധതിയിലൂടെ ജനങ്ങൾക്ക് ഒരവകാശം പ്രദാനം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്; അതായത് ഭരണാധികാരികളുടെ ഔദാര്യമല്ല.

ഇടതുപക്ഷ തീവ്രവാദികളും ഈ തൊഴിലുറപ്പു പദ്ധതിക്ക് എതിരാണ്. ഭരണകൂടത്തിന്റെ കമ്പോളാധിഷ്ഠിത നയങ്ങളെ സാധൂകരിക്കുന്ന ഒന്നാണിതെന്ന് അവർ ആക്ഷേപിക്കുന്നു. ജനങ്ങൾക്കെതിരായ വലിയൊരു ഗൂഢാലോചനയാണിത്; വേദനാസംഹാരി ഗുളിക നൽകി ആശ്വസിപ്പിക്കു

ന്നതുപോലുള്ള ഒരു തട്ടിപ്പാണിത് എന്നവർ പറയുന്നു.

പക്ഷെ തൃണമൂലതലത്തിൽ ജനാധിപത്യത്തിന്ന് ആഴം കൂട്ടാനുള്ള സമരത്തിന്റെ ഭാഗമാണിതെന്ന വസ്തുത അവർ അറിയുന്നില്ല. ഭരണവർഗ്ഗത്തിന്റെ ഉദ്ദേശം എന്തുമാകട്ടെ, അതിൽ കൂടി ലഭിക്കുന്ന പഴുതുകൾ ഉപയോഗിച്ച് ജനാധിപത്യത്തിന്ന് അടിയുറപ്പുണ്ടാക്കാൻ കഴിയണം.

ലളിതകുമാറിന്റെ സേവനവും മരണവും ശുദ്ധാത്മാക്കളുടെ തെറ്റുധാരണ നീക്കാൻ സഹായിക്കും. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഗ്രാമീണ വികസനത്തിന്നായി ഇവിടെ ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇവയെല്ലാംതന്നെ തദ്ദേശീയ കരാറുകാരുടെ കുത്തകാവകാശമായിരുന്നു. ഈ കരാറുകാരാണ് ഗ്രാമീണരെ, പ്രത്യേകിച്ചും സ്ത്രീകളെ, ഇക്കാലമത്രയും ചൂഷണം ചെയ്ത് തടിച്ചുകൊഴുത്തിരുന്നത്. ഈ വികസന പരിപാടികളുടെ ഓരോ വശവും കരാറുകാർക്ക് ചൂഷണം ചെയ്യാൻ പാകത്തിൽ ആവിഷ്ക്കരിക്കപ്പെടുന്നവയായിരുന്നു. പണിയുടെ നിരക്ക്, ചെയ്തുതീർത്ത പണിയുടെ അളവ്, പണിയുടെ മൂല്യം എന്നിവയെല്ലാം കരാറുകാരുടെ കറവിന്ന് പാകത്തിന്ന് നിശ്ചയിക്കുകയായിരുന്നു പതിവ്. ഈ കരാറുകാർതന്നെയായിരുന്നു തദ്ദേശീയ അധികാര ദല്ലാളന്മാർ. കരാറുകാർ പണി നടത്തുന്നത് ജനങ്ങൾക്ക് തൊഴിലുണ്ടാക്കാനോ വരുമാനമുണ്ടാക്കാനോ ആയിരുന്നില്ല. അവർ സകല മനുഷ്യാവകാശങ്ങളും ലംഘിച്ചുപോന്നു; പണിയെടുക്കുന്നവരെ നക്കാപിച്ച നൽകി പറഞ്ഞയക്കും; യന്ത്രങ്ങളിറക്കി പണി നടത്തി പണം സ്വന്തം പോക്കറ്റിലൊതുക്കും.

ഇതിനെല്ലാം അറുതി വരുത്തുന്നതാണ് തൊഴിലവകാശ പദ്ധതി. കരാറുകാരേയും അവരുടെ യന്ത്രങ്ങളേയും അയൽപക്കത്തെങ്ങും വരുത്താൻ അനുവദിക്കാത്ത പദ്ധതിയാണിത്. ഓരോ സംസ്ഥാനത്തിലും നിലവിലുള്ള മിനിമം കൂലി പണിക്കാർക്ക്, ആൺ-പെൺ ഭേദമെന്യേ നൽകണം. ഓരോ തീരുമാനമെടുക്കുന്നതും നാട്ടുകാരുടെ പങ്കാളിത്തത്തോടെയാകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഏതുതരം പണിയാണ് നടത്തേണ്ടത്; അത് എവിടെയാണ് നടത്തേണ്ടത്; എങ്ങനെ നടത്തണം; എന്നിവയെല്ലാം നാട്ടുകാരുടെ പങ്കാളിത്തത്തോടെ തീരുമാനിക്കണം. ചെയ്തു തീർക്കന്ന പണികൾ സോഷ്യൽ ഓഡിറ്റിങ്ങിന്നു വിധേയമാക്കണം; പണി തീർത്തുവോ, കൂലി കൊടുത്തുവോ, ആരെല്ലാം എന്തെല്ലാം പണിയെടുത്തു എന്നൊക്കെ നാട്ടുകാർ പരിശോധിക്കണം. ഇതൊക്കെ കരാർ പണി സമ്പ്രദായത്തിന്നു കടകവിരുദ്ധമാണ്.

ഇങ്ങനെയെല്ലാമായിട്ടും, ഇത്രയധികം നിഷ്ക്കർഷ ചെലുത്തിയിട്ടും, സ്ഥിതിഗതികളിൽ മാറ്റം വരുന്നത് വളരെ പതുക്കെയാണ്. പഴയ കരാർ സംവിധാനം പലവഴിക്കും നുഴഞ്ഞു കയറുന്നുണ്ട് കരാറുകാരുടെ യന്ത്രങ്ങൾ അങ്ങിങ്ങ് പ്രത്യക്ഷപ്പെടുന്നു; പലേടത്തും പണിക്കാരുടെ ഹാജർ പട്ടികയിൽ കൃത്രിമം വരുന്നു; ഈ ലോകത്തിൽ ജനിച്ചിട്ടില്ലാത്തവരുടെ പേരുകൾ പണിക്കാരുടെ പട്ടികയിൽ കാണും; അവരുടെ വിരലടയാളം പോലും കാണും. തിരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ നിലവിൽ വന്നിട്ടില്ലാത്ത ഝാർഖണ്ഡ് പോലുള്ള പിന്നണി സംസ്ഥാനങ്ങളിൽ പലതരം കൃത്രിമങ്ങളും ഇപ്പോഴും നടക്കുന്നുണ്ട്. ലളിതകുമാറിനെപ്പോലുള്ള സന്നദ്ധ പ്രവർത്തകരുടെ മേൽനോട്ടം നിക്ഷിപ്ത

താല്പര്യക്കാർക്ക് വലിയൊരു ഭീഷണിയാകുന്നത് അതുകൊണ്ടാണ്. സാമൂഹ്യ ഓഡിറ്റിങ്ങിനെ അവർ ഭയപ്പെടുന്നു.

വമ്പിച്ച സാധ്യതകളുള്ള ഒന്നാണ് ഇന്ത്യയിലെ തൊഴിലുറപ്പു പദ്ധതി. പക്ഷെ അത് പ്രായോഗികമാക്കാൻ കഴിയുമോ? തൊഴിലുറപ്പുപദ്ധതിയെ നേരിടുന്ന പ്രശ്നം ലളിതമാണ്. നിലവിലുള്ള കൺട്രാക്ടർ രാജിന്ന് അറുതിവരുത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷെ കൺട്രാക്ടർ രാജിന്ന് ബദലെന്താണ്? പദ്ധതി നടപ്പാക്കുന്നതിന്നുള്ള മുഖ്യ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്തുകളെയാണ്. പക്ഷെ ഇത്തരമൊരു പരിപാടി നടപ്പാക്കാൻ വേണ്ട പിൻബലം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ല. അടിയിൽനിന്ന് മുകളിലേക്ക് പടുത്തുയർത്തണം; ജനകേന്ദ്രീകൃതമായ സമീപനം വേണം; സാമൂഹ്യ ഓഡിറ്റ് വേണം എന്നൊക്കെ പദ്ധതിയിൽ പറയുന്നുണ്ട്. എന്നാൽ ഇതൊക്കെ സാധിക്കണമെങ്കിൽ സാമൂഹ്യ പ്രവർത്തകരും സാങ്കേതിക വിദഗ്ധരും കൂടിയേതീരൂ. ഇതിന്നു രണ്ടിന്നും വകുപ്പില്ല. മാനവ ചരിത്രത്തിലെ ഏറ്റവും വലിയ തൊഴിൽദാന പരിപാടിയായ ഈ പദ്ധതി നടപ്പാക്കാൻ ആവശ്യമായ മനുഷ്യ വിഭവം പ്രദാനം ചെയ്തിട്ടില്ല. തൃണമൂലതലത്തിൽ വലിയൊരു സംഘം പ്രവർത്തകരെ അണിനിരത്തേണ്ടതുണ്ട്.

പഴയമട്ടിലുള്ള ദുരിതാശ്വാസ പദ്ധതിയല്ല തൊഴിലുറപ്പു പദ്ധതി. ഇതൊരു വികസന പദ്ധതിയാണ്, ഖജനാവിലെ പണമിറക്കുന്ന നിക്ഷേപമാണ്; ശാശ്വത ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതിയാണ്. ഇന്ത്യയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ സ്വകാര്യ മൂലധന നിക്ഷേപത്തിന്ന് വഴി തുറക്കുന്ന ഒന്നാണിത്. മണ്ണുകൊണ്ട് അണകെട്ടാം; ബണ്ട് നിർമ്മിക്കാം; കുളം കുഴിക്കാം ജലസംരക്ഷണ പദ്ധതികൾ സംഘടിപ്പിക്കാം. വേണ്ടത്ര വെള്ളത്തിന്ന് ഉറപ്പു കിട്ടുന്നതോടെ അതിനെ ആധാരമാക്കി ഗ്രാമ വികസന പദ്ധതികൾ ആസൂത്രണം ചെയ്യാം. അത് കൃഷിക്ക് നവജീവൻ നൽകും; അനുബന്ധ ഗ്രാമീണ ജീവിതോപാധികൾ തുറന്നു കിട്ടും.

ഇതെല്ലാം സാധിക്കണമെങ്കിൽ തൊഴിലുറപ്പു പദ്ധതിക്ക് പ്രൊഫഷനൽ പിൻബലത്തിന്ന് ഏർപ്പാടുണ്ടാക്കണം. സാധിക്കുന്നിടത്തെല്ലാം ജനങ്ങൾതന്നെ ഈ പിൻബലം നൽകണം. ലളിതകുമാറിന്റെ വികാസ് സഹയോഗ് പോലെയുള്ള സന്നദ്ധസംഘടനകൾ ഇതിന്നുപകരിക്കും. വികാസ് സഹയോഗ് പോലെയുള്ള സന്നദ്ധസംഘടനകളെ ഉൾപ്പെടുത്തി 2007ൽ ഒരു നാഷനൽ കൺസോർഷ്യം സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ എട്ടു സംസ്ഥാനങ്ങളിലെ 34 ജില്ലകളിൽ ഈ കൺസോർഷ്യം സേവനമനുഷ്ഠിക്കുന്നുണ്ട്. തൊഴിലുറപ്പു പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ട പിൻബലം നൽകുകയാണിവർ ചെയ്തുവരുന്നത്. ഓരോ പ്രദേശത്തേയും പദ്ധതി തയ്യാറാക്കുക, പദ്ധതി നടപ്പാക്കാൻ സഹായിക്കുക, സോഷ്യൽ ഓഡിറ്റിങ് നടത്തുക എന്നിവയാണിവർ ചെയ്യുന്നത്.

ഗ്രാമ പഞ്ചായത്തുകൾതന്നെയില്ലെന്നതാണ് ഝാർഖണ്ഡിന്റെ ഏറ്റവും വലിയ ദൗർബ്ബല്യം. ഉദ്യോഗസ്ഥന്മാർ നടപ്പാക്കുന്ന തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിങ്ങിന്നു പുറപ്പെട്ടതാണ് ലളിതകുമാറിന്റെ വധത്തിന്നിടയാക്കിയത്. ❑

# നിരർത്ഥകമായ ഒരു സമരവും കുറെ രാഷ്ട്രീയ കളികളും

രാജസ്ഥാനിലെ ഗുജ്ജാർ സമുദായക്കാർ ഇക്കൊല്ലവും സമരത്തിന്നിറങ്ങി; പോലീസ് ഇക്കൊല്ലവും വെടിവെപ്പു നടത്തി; രണ്ടു ദിക്കിലായി നാല്പതു പേർ കൊല്ലപ്പെട്ടു. കഴിഞ്ഞ കൊല്ലവും സമരവും വെടിവെപ്പുമെല്ലാം നടന്നതാണ്. അന്ന് കൊല്ലപ്പെട്ടത് 26 പേരായിരുന്നു?

അപ്പോൾ എന്താണ് പ്രശ്നം?

നേതാക്കന്മാർ വിവേകശൂന്യരായി തീക്കളിനടത്തിയാൽ എന്തെല്ലാം സംഭവിക്കാമെന്നതിന്റെ ഉദാഹരണങ്ങളാണ് രാജസ്ഥാനിലെ സമരങ്ങൾ.

ഒരു ഫ്ളാഷ് ബാക്ക്:

പത്തുകൊല്ലം മുമ്പാണ് ബി.ജെ.പി.ക്കാർ വോട്ടുപിടിക്കാനുള്ള ഒരു തന്ത്രമെന്ന നിലയിൽ ജാട്ട് സമുദായക്കാരെ പിന്നോക്കജാതി യിൽ ഉൾപ്പെടുത്താമെന്ന് വാഗ്ദത്തം ചെയ്തു. പിന്നീട് വാജ്പേയിയുടെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ട് ദൽഹിയിൽ അധികാരത്തിൽ വന്നപ്പോൾ രാജസ്ഥാനിലെ ജാട്ടുകളെ പിന്നോക്ക ജാതിക്കാരുടെ പട്ടികയിൽ പെടുത്തുകയും ചെയ്തു.

കാര്യമെല്ലാം ഭംഗിയായെന്നു കരുതിയിരിക്കുമ്പോഴാണ് പിന്നോക്ക ജാതിക്കാരായ ഗുജ്ജാറുകൾ പ്രധിഷേധവുമായി മുന്നോട്ടുവന്നത്. രാജസ്ഥാനിലെ പ്രധാന പിന്നോക്ക ജാതിക്കാരാണ് ഗുജ്ജാറുകൾ. ജാട്ടുകളെകൂടി "പിന്നോക്ക" പട്ടികയിൽ പെടുത്തിയതോടെ, ഗുജ്ജാറുകൾക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം കുറഞ്ഞു. ഗുജ്ജാറുകൾക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ നല്ലൊരു ഭാഗം ജാട്ടുകൾ തട്ടിയെടുത്തു തുടങ്ങിയതാണ് കാരണം.

ജാട്ടുകളെ "പിന്നോക്കജാതി"യിൽ പെടുത്തിയ സ്ഥിതിക്ക് തങ്ങളെ "പട്ടികവർഗ്ഗ"ക്കാരായി മാറ്റണമെന്ന് ഗുജ്ജാറുകൾ ആവശ്യപ്പെട്ടുതുടങ്ങി. ഇക്കാര്യത്തിൽ ബി.ജെ.പി. പ്രത്യേകിച്ചൊരു നിലപാടും സ്വീകരിച്ചിട്ടില്ലെങ്കിലും രാഷ്ട്രീയക്കാർ പതിവനുസരിച്ച് ബഡായികൾ തട്ടിവിട്ടു. ഇപ്പോൾ കൈ മലർത്തുന്ന മുഖ്യമന്ത്രി വസുന്ധരാരാജ തന്നെയാണ് കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണ കോലാഹലങ്ങൾക്കിടയിൽ ഗുജ്ജാറുകളെ "പട്ടികവർഗ്ഗ"ത്തിൽ പെടുത്തുമെന്ന് പ്രഖ്യാപിച്ചത്.

തിരഞ്ഞെടുപ്പിൽ ബി.ജെ.പി. വിജയിച്ചു. പക്ഷെ ഗുജ്ജാറുകൾക്കു നൽകിയ വാഗ്ദത്തം, വാഗ്ദത്തം മാത്രമായി അവശേഷിച്ചു. അതിന്നു കാരണങ്ങൾ പലതാണ്. ഒരു ജനവിഭാഗത്തെ പട്ടികവർഗ്ഗത്തിൽ പെടുത്തണമെങ്കിൽ, അതിന് ചില നിശ്ചിത നടപടിക്രമങ്ങൾക്ക് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. കേന്ദ്രഗവർമ്മേണ്ടാണ് ആ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടത്. ഈ പേരും പറഞ്ഞ് മാരണം കേന്ദ്രഗവർമ്മേണ്ടിന്റെ തലയിൽ വച്ചുകെട്ടാനും നിവൃത്തിയില്ല. കാരണം, ഗുജ്ജാറുകളെ പട്ടികവർഗ്ഗത്തിൽ പെടുത്താൻ രാജസ്ഥാൻ ശുപാർശ ചെയ്താൽ, രാജസ്ഥാനിലെ പ്രധാന പട്ടികവർഗ്ഗക്കാരായ മീണകൾ അതിനെ എതിർക്കും; ഗുജ്ജാറുകളുടെ ആവശ്യത്തെ ശക്തിയായി ചെറുത്തുവരുന്നതുതന്നെ മീണകളാണ്. ഗുജ്ജാറുകളെ പ്രീണിപ്പിക്കാൻ മുതിർന്നാൽ ബി.ജെ.പി.ക്ക് മീണകളുടെ പിന്തുണ നഷ്ടപ്പെടും. കയ്യിലുള്ളതിനെ കളഞ്ഞ്, പറക്കുന്നതിനെ പിടിക്കാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാണെന്ന് ബി.ജെ.പി.ക്കറിയാം.

➡

# നീതിന്യായ നിർവ്വഹണം കാടുകയറുമ്പോൾ

**- ശാന്തിഭൂഷൺ -**

**അ**ടിയന്തരാവസ്ഥക്കാലത്ത്, 1976ൽ, സുപ്രീംകോടതി രാജ്യത്തെയാകെ നടുക്കിക്കളഞ്ഞ ഒരു വിധി പ്രഖ്യാപിക്കുകയുണ്ടായി. അടിയന്തരാവസ്ഥക്കാലത്ത് ഒരാൾക്കും ജീവന്നോ സ്വാതന്ത്ര്യത്തിന്നോ അവകാശമില്ല എന്നതായിരുന്നു ആ വിധി.

2008 മേയ് 14ന്ന് സുപ്രീം കോടതി മറ്റൊരു ഭയാനക വിധി പ്രഖ്യാപനം നടത്തി. പാർലിമെന്റ് ആക്രമണക്കേസിലെ പ്രതികളിലൊരാളായ ഷൗക്കത്ത് ഹുസൈൻ ഗുരുവിന്നെതിരായ വിധിയായിരുന്നു അത്. ഇദ്ദേഹത്തിന്നെതിരെ 12 കുറ്റങ്ങളാണ് ആരോപിക്കപ്പെട്ടിരുന്നത്. ഈ പന്ത്രണ്ട് കുറ്റങ്ങളിലും പ്രതിയെ വെറുതെ വിട്ടുകൊണ്ടായിരുന്നു വിധി. എന്നാൽ പ്രതിക്കെതിരെ ആരോപിച്ചിട്ടില്ലാത്ത ഒരു കുറ്റത്തിന്ന് പ്രതിയെ കോടതി ശിക്ഷിച്ചുകളഞ്ഞു.

ഒരാൾക്ക് കുറ്റപത്രം നൽകാതെ, തന്റെ ഭാഗം വാദിക്കാനും തെളിവുകൾ ഹാജരാക്കാനും അവസരം നൽകാതെ, അയാളെ തടവുശിക്ഷക്ക് വിധിക്കാൻ ഏതെങ്കിലും നാഗരിക രാജ്യത്തിലെ സുപ്രീം കോടതി മുതിരുന്നത് ഒരാൾക്ക് വിഭാവനം ചെയ്യാനാകുമോ? മാത്രമല്ല, ആരോപിക്കപ്പെട്ട കുറ്റം ചെയ്തിട്ടില്ലെന്ന് തെളിയിക്കേണ്ട ഭാരം പ്രതിക്കാണെന്നു വരുമ്പോഴോ?

അവിശ്വസനീയമാണെന്നു നിങ്ങൾ പറയും. പക്ഷെ സംഭവിച്ചതാണിത്; ഇവിടെ, ഈ ഇന്ത്യയിൽ. അതുകൊണ്ടാണ് പറയുന്നത്, ജനങ്ങൾ ഉണർന്നിരുന്ന് ചിന്തിക്കണമെന്ന്. ഇന്ന് ഷൗക്കത്തിനോട് കാണിച്ച ഈ അതിക്രമം നാളെ നിങ്ങൾക്കെതിരായും വരാം. മേയ് 14ലെ സുപ്രീം കോടതിയുടെ വിധിയൊന്നു സൂക്ഷിച്ചു വായിച്ചാൽ നിങ്ങൾക്ക് കാര്യം ബോധ്യമാകും.

2001 ഡിസംബർ 13ന്നു പാർലിമെന്റിന്നു നേരെ നടന്ന ആക്രമണം സംബന്ധിച്ച കേസിൽ 2005 ആഗസ്ത് 4ന്ന് സുപ്രീം കോടതി പ്രശംസനീയമായൊരു വിധി പ്രഖ്യാപനം നടത്തിയിരുന്നു. ജ: വെങ്കടരാമ റെഡ്ഡിയും ജ: നവലേകറും ഉൾപ്പെട്ട ബഞ്ചിന്റെ സുചിന്തിതമായ വിധിയിൽ, ഷൗക്കത്തിന്നെതിരായി ഉന്നയിച്ചിരുന്ന 12 കുറ്റങ്ങളിൽനിന്നും അയാളെ ഒഴിവാക്കി. പാർലിമെന്റ് ആക്രമിക്കാനുള്ള ഗൂഢാലോചനയിൽ ഷൗക്കത്ത് ഒരു കക്ഷിയായിരു

---

ഇത് പ്രശ്നത്തിന്റെ ഒരു വശം. പട്ടികവർഗ്ഗക്കാരുടെ പട്ടികയിൽകയറിപ്പറ്റുന്നതുകൊണ്ട് ആർക്ക്, എന്ത് പ്രയോജനമാണുണ്ടാവുക എന്ന് ഗുജ്ജാർ നേതാക്കൾക്കുതന്നെ അറിയില്ലെന്നതാണ് അത്ഭുതം. പിന്നോക്ക ജാതിക്കാർക്ക് 27 ശതമാനം സംവരണമുണ്ട്. പട്ടികവർഗ്ഗക്കാർക്ക് ഏഴര ശതമാനമേ സംവരണമുള്ളൂ. 27 ശതമാനം സംവരണം ലഭിക്കുന്ന ഭാഗത്തെവിട്ടിട്ട് ആരെങ്കിലും എഴര ശതമാനത്തിലേക്ക് മാറിക്കയറുമോ?

കേന്ദ്രഗവർമ്മേണ്ട് പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ഏഴരശതമാനം സംവരണമുള്ള പട്ടികവർഗ്ഗക്കാർക്ക്, ഒഴിവുള്ള തസ്തികകളിൽ നാലര ശതമാനം നിയമനം നടന്നിട്ടുണ്ട്. അതേ സമയം പിന്നോക്കക്കാർക്കുള്ള 27 ശതമാനം ഒഴിവിൽ നാലേമുക്കാൽ ശതമാനത്തിലേ നിയമനം നടന്നിട്ടുള്ളൂ.

നിയമനം കിട്ടാൻ കൂടുതൽ സാധ്യത പിന്നോക്ക സമുദായക്കാർക്കായിരുന്നിട്ടും, അതു വേണ്ടെന്നുവച്ച്, നിയമന സാധ്യത കുറഞ്ഞ പട്ടികവർഗ്ഗത്തിലേക്ക് മാറ്റിച്ചേർക്കാൻ ആവശ്യപ്പെടുന്നതിന്റെ അർത്ഥമെന്താണ്? ❑

ന്നില്ലെന്ന് ആ വിധിയിൽ തുറന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ പീനൽകോഡിലെ 123-ാം വകുപ്പനുസരിച്ച് ഷൗക്കത്തിന്ന് തടവുശിക്ഷ വിധിച്ചു.

ഒരാൾ ഒരു കുറ്റകൃത്യത്തിന്ന് മുതിരുന്നതായി അറിഞ്ഞാൽ അക്കാര്യം ഉടനെ അധികൃതരെ അറിയിക്കണമെന്നതാണ് 123-ാം വകുപ്പിലെ അനുശാസനം. കീഴ്കോടതിയിൽ കേസ് നടക്കുമ്പോൾ ഷൗക്കത്ത് 123-ാം വകുപ്പനുസരിച്ചുള്ള കുറ്റം ചെയ്തതായി ആരോപണമില്ല. ഷൗക്കത്തിന്നു നൽകിയ കുറ്റപത്രത്തിൽ വേറെ 12 കുറ്റങ്ങളാണ് ചുമത്തപ്പെട്ടിരുന്നത്.

ഇതിന്മേലുള്ള അപ്പീലാണ് സുപ്രീംകോടതിയിൽ എത്തിയിരുന്നത്. അതായത് 123-ാം വകുപ്പനുസരിച്ച് ഒരു കേസ് തന്നെ ഇല്ലായിരുന്നു. ഷൗക്കത്തിനുള്ള കുറ്റപത്രത്തിലെന്നല്ല, പ്രോസിക്യൂട്ടറുടെ കേസ് വാദത്തിലും ഇങ്ങനെയൊരുകുറ്റാരോപണം ഉണ്ടായിരുന്നില്ല. എന്നാൽ സുപ്രീം കോടതിയിലെ വിധി വന്നപ്പോൾ, ഷൗക്കത്തിന്നെതിരായ കുറ്റപത്രത്തിലെ ആരോപണങ്ങളിൽനിന്നെല്ലാം അയാളെ ഒഴിവാക്കി; അതിന്നുശേഷം ആരും ഉന്നയിക്കാത്ത 123-ാം വകുപ്പനുസരിച്ചുള്ള കുറ്റത്തിന്ന് തടവുശിക്ഷ വിധിക്കുകയും ചെയ്തു!

ഷാം സാഹേബ് മുൽത്താനിയുടെ കേസ് പ്രസിദ്ധമാണ്. പ്രതി അയാളുടെ ഭാര്യയെ കൊന്നു എന്നതായിരു കേസ്. പീനൽകോഡിലെ 302-ാം വകുപ്പനുസരിച്ചായിരുന്നു കേസ്. ഹൈക്കോടതി അയാളെ 302-ാം വകുപ്പനുസരിച്ചുള്ള കൊലപാതകക്കേസിൽ വെറുതെവിട്ടുവെങ്കിലും സ്ത്രീധന മരണം എന്ന കുറ്റത്തിന്ന് 304-ാം വകുപ്പനുസരിച്ച് തടവുശിക്ഷ നൽകി.

ഇതിന്നെതിരായ അപ്പീലിൽ സുപ്രീം കോടതിയിൽ മൂന്നു ജഡ്ജിമാരടങ്ങിയ ഒരു ബഞ്ച് ആ വിധി അസാധുവാക്കി. പ്രതിക്ക് 304-ാം വകുപ്പ് അനുസരിച്ച് കുറ്റപത്രം നൽകിയിട്ടില്ലാത്തതിനാൽ അയാൾക്ക് തന്റെ ഭാഗം വാദിക്കാനും തെളിയിക്കാനും അവസരം നിഷേധിച്ചത് നീതിനിഷേധമാണെന്നതായിരുന്നു സുപ്രീം കോടതി വിധി.

സുപ്രീം കോടതയുടെ ഈ വിധിയുടെ പശ്ചാത്തലത്തിൽ, ഷൗക്കത്തിന്നെതിരായി സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധി അസാധുവാണെന്നു വരുന്നു.

ഈ വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടും സുപ്രീം കോടതിയുടെ വിധി പുന: പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ഷൗക്കത്ത് ഒരു ഹർജി സമർപ്പിച്ചു പക്ഷെ വിധിയെഴുതിയ ജഡ്ജിമാരിലൊരാളായ ജ: വെങ്കടരാമ റെഡ്ഡി റിട്ടയർ ചെയ്തിരുന്നു. അതിനാൽ വാദം കേൾക്കാനൊന്നും നിൽക്കാതെ ചേമ്പറിൽവച്ചുതന്നെ റിവ്യൂ ഹർജി തള്ളപ്പെട്ടു. വിധിയിലെ തെറ്റു തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു സമർപ്പിച്ച ഹർജിയും വാദം കേൾക്കാതെ, ചേമ്പറിൽവച്ച് തള്ളുകയാണ് ചെയതത്.

അങ്ങനെ ഗതികെട്ടപ്പോഴാണ് ഷൗക്കത്ത് ഒരു ഹേബിയസ് കോർപ്പസ് ഹർജി സമർപ്പിച്ചത്. മുൻബഞ്ചിലുണ്ടായിരുന്ന ജ: നവലേകറും ജ: രവീന്ദ്രനുമടങ്ങിയ ഒരു ബഞ്ച് മുമ്പാകെയാണ് ഈ കേസ് പരിഗണനക്കുവന്നത്. തുടർന്ന് ജ: നവലേകറും ജ: നിർപുക്കറുമടങ്ങിയ ഒരു ബഞ്ച് മുമ്പാകെ രണ്ടു ദിവസം വാദം നടന്നു. അതിന്നുശേഷമാണ് 2008 മേയ് 14 ലെ വിധിയുണ്ടായത്.

2002 ൽ അഞ്ചു ജഡ്ജിമാരടങ്ങിയ ഒരു ഭരണഘടനാ ബഞ്ചിൽ നിന്നുണ്ടായ ഒരു വിധിയിൽ പറയുന്നു: പരമോന്നത ന്യായാസനത്തിലെ ജഡ്ജിമാർ പരമാവധി ശ്രദ്ധിക്കുമെങ്കിലും, മാനുഷികമായ വീഴ്ചകൾ വരാം. അപൂർവ്വങ്ങളിൽവച്ച് അപൂർവ്വമായ അത്തരം കേസുകളിൽ അവസാന വിധിയും നീതിക്കുവേണ്ടി പുന: പരിശോധിക്കാവുന്നതാണ്. ഇത്തരം കേസുകളിൽ തെറ്റു തിരുത്തുന്നത് ശരിയാണെന്നു മാത്രമല്ല നിയമപരമായും ധാർമ്മികമായും അതൊരു ബാധ്യതകൂടിയാണ്.

2008 മേയ് 14ന്ന് ഷൗക്കത്തിന്റ കേസിൽ അവസാന വിധി പ്രഖ്യാപിച്ച ജഡ്ജിമാർ ഇത്രയും വിശാലമനസ്കരല്ലതന്നെ. ❑

# ഒരു ഭീകരന്റെ അറസ്റ്റും പത്രങ്ങളുടെ ബ്ലീച്ചും

**ജൂ**ൺ അവസാന വാരത്തിൽ ഇന്ത്യയിലെ പല പ്രമുഖ പത്രങ്ങളും ഏപ്രിൽ ഫൂൾ ആക്കപ്പെട്ടു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് പെൻപ്രിക്സ് എന്നൊരു ജർണലിസ്റ്റ് സംഘടനയാണ്.

ജൂൺ 29-ാം തിയ്യതി പല പത്രക്കാർക്കും ഒരു ഇ-മെയിൽ സന്ദേശം കിട്ടി. ജർമ്മൻ തലസ്ഥാനമായ ബർലിനിലെ ഷേഡ് റോഡിലുള്ള പെറൂസ് നാർപാക് എന്ന സംഘടനയുടെ പ്രസ് ഓഫീസറായ ഹമ്മൻ സ്മിത് അയച്ചതായിരുന്നു സന്ദേശം ഈ പെറൂസ് നാർപാക് എന്നത് ജർമ്മൻ ചാൻസലറുടെ രഹസ്യാന്വേഷണ വിഭാഗമാണെന്നും അതിൽ പറഞ്ഞിരുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്തെ നാസികുറ്റവാളിയായ ജൊഹാൻ ബാച്ചിനെ ഗോവ-കർണാടക സംസ്ഥാനങ്ങളുടെ അതിർത്തിയിൽവച്ച് അറസ്റ്റ് ചെയ്തിരിക്കുന്നുവെന്നതായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം. ജർമ്മനിയിലെ മാർഷതിക്കാഷ് തടങ്ങൽ പാളയത്തിന്റെ ഭരണാധികാരിയായിരുന്ന ഇയാൾ യുദ്ധകാലത്ത് 12,000 ജൂതന്മാരെ കൊന്നിട്ടുണ്ടെന്നും യുദ്ധാവസാനത്തിൽ ഒളിവിൽപോയ ഇയാൾ പലരാജ്യങ്ങളിലും കറങ്ങിത്തിരിഞ്ഞശേഷം ഗോവയിലെത്തിയതാണെന്നും സന്ദേശത്തിൽ പറയുന്നു. ഗോവാ കടൽതീരത്ത് ഇയാൾ ഒരു ഇസ്രേലി ദമ്പതികളുമായി ചങ്ങാത്തം സ്ഥാപിച്ചുവെന്നും ഇവർ അമേരിക്കക്കാരാണെന്ന ധാരണവെച്ച് ഇയാൾ രഹസ്യം പുറത്താക്കിയെന്നും വാർത്തയിലുണ്ട്. കാര്യം മനസ്സിലാക്കിയ ജർമ്മൻ അധികൃതർ ബാച്ചിനെ അറസ്റ്റ് ചെയ്യുകയും രഹസ്യമായി ജർമ്മനിയിലേക്ക് റാഞ്ചികൊണ്ടുപോകുകയും ചെയ്തിരിക്കുന്നുവെന്നും അതിൽ തുടർന്നു പറഞ്ഞിരുന്നു.

പോലീസോ രഹസ്യാന്വേഷണ ഏജൻസികളുടെ വക്താക്കളോ പറയുന്നതെല്ലാം കണ്ണുമടച്ച് വിഴുങ്ങുന്നവരാണല്ലോ ഇന്ത്യയിലെ പത്രക്കാർ. ഈ കേസിലും അതുതന്നെ സംഭവിച്ചു. കൽക്കത്തിലെ ടെലഗ്രാഫ് മുംബായിലെ ഇന്ത്യൻ എക്സ്പ്രസ്സ് ബാംഗളൂരിലെ ഡക്കാൻ ഹെറാൾഡ് എന്നിയടക്കം പല പ്രമുഖ പത്രങ്ങളും ഉദ്വേഗജനകമായ ഈ വാർത്ത അതേപടി റിപ്പോർട്ടു ചെയ്തു.

ബാച്ച് ഈയിടെ അർജന്റീനയിൽനിന്ന് ബൾഗേറിയയിലേക്കും അവിടെനിന്ന് കനഡയിലേക്കും കനഡയിൽനിന്ന് ഇന്ത്യയിലേക്കും വന്നതായി ടെലഗ്രാഫ് പത്രം രഹസ്യാന്വേഷണ ഏജൻസികളെ ഉദ്ധരിച്ചുകൊണ്ട് റിപ്പോർട്ടു ചെയ്തു. ബാച്ച് എവിടെയെല്ലാം കറങ്ങിയെന്നു കാണിക്കുന്ന ഒരു ലോക ഭൂപടവും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ എക്സ്പ്രസ്സിന്റെ റിപ്പോർട്ടിൽ ഇ-മെയിലിലുള്ള വിവരങ്ങൾക്കുപുറമെ ബാച്ചിനെ വിമാനമാർഗ്ഗം ബർലിനിലേക്ക് കൊണ്ടുപോയി എന്നുകൂടി പറഞ്ഞിട്ടുണ്ട്. എന്നാൽ തങ്ങൾക്കതിനെപ്പറ്റി അറിയില്ലെന്ന് കർണാടക പോലീസും രഹസ്യാന്വേഷണ ഏജൻസികളും പറഞ്ഞതായിക്കൂടി പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബാച്ചിന്റെ അറസ്റ്റ് വാർത്ത റിപ്പോർട്ട് ചെയ്ത ഡെക്കാൻ ഹെറാൾഡ് പറഞ്ഞത്, ബാച്ച് ഇപ്പോൾ എവിടെയാണെന്നത് ഒരു രഹസ്യമായി സൂക്ഷിച്ചി

രിക്കുകയാണെന്നാണ്. ഹേഗിലെ ലോക കോടതി മുമ്പാകെ യുദ്ധകുറ്റവാളിയായ ബാച്ചിനെ വിചാരണക്കു വിധേയമാക്കുമെന്നും പത്രം റിപ്പോർട്ട് ചെയ്തു.

പത്രപ്രവർത്തകർ ഉണ്ടാക്കിയ "പിൻപ്രിക്സ്" എന്ന സംഘടന മാധ്യമങ്ങളുടെ അന്തംകെട്ട പ്രവർത്തനരീതികളെ തുറന്നുകാട്ടുന്നത് ഇതാദ്യമല്ല. ഒരു റഷ്യൻ മാഫിയ ഗോവയിൽ ഭൂമി വാങ്ങിക്കൂട്ടുന്നതായി CNN-IBN റിപ്പോർട്ടിന്റെ കള്ളി പൊളിച്ചത് ഇവരാണ്. ഗോവയിലെ മാധ്യമങ്ങളുടെ അന്തമില്ലായ്മ തുറന്നുകാട്ടാനാണ് പിൻപ്രിക്സ് ഇത്തവണ ഈ വിദ്യ പ്രയോഗിച്ചതെങ്കിലും ദേശീയ തലത്തിലെ വൻകിട പത്രങ്ങൾതന്നെ ആ കെണിയിൽ വീണുപോയി. അതിൽ അത്ഭുതപ്പെടാനില്ല. ജൊഹാൻ ബാച്ചിന്റെ കഥ വിദേശീയമായതിനാൽ അബദ്ധം പറ്റിയതാണെന്നുപറഞ്ഞ് നിൽക്കാമെങ്കിലും നമ്മുടെ പത്രങ്ങൾ നാട്ടിൽ നടക്കുന്ന കാര്യങ്ങളിലും ഇതേ അന്തമില്ലായ്മ തന്നെയാണ് കാണിക്കുന്നത്. ഒരു ഭീകരനെ അറസ്റ്റ് ചെയ്തുവെന്നോ ഭീകരനെന്നു സംശയിക്കുന്നവനെ പിടികൂടിയെന്നോ പോലീസ് പറഞ്ഞാൽ, അതിന്റെ സത്യാവസ്ഥയെപ്പറ്റി ഒന്നന്വേഷിക്കാൻപോലും ഇന്ത്യൻ പത്രങ്ങൾ മുതിരാറില്ല.

ബാച്ചിന്റെ കേസിൽ പത്രങ്ങൾക്കും പത്രാധിപന്മാർക്കും പറ്റിയ അമിളിയെക്കുറിച്ച് കൈകൊട്ടിച്ചിരിക്കുന്നവർ ഏറെയുണ്ടാകും പക്ഷെ നാടൻ കേസുകളുടെ കാര്യമോ? ഭീകരന്മാരെ സംബന്ധിച്ച ഏതാണെല്ലാ കേസുകളുടേയും കഥ ഇതുതന്നെയാണ്. പോലീസ് പറയുന്നതെല്ലാം തൊണ്ടതൊടാതെ വിഴുങ്ങുന്നവയാണ് നമ്മുടെ പത്രങ്ങൾ. അസംഭവ്യ കാര്യങ്ങൾപോലും, പോലീസ് പറഞ്ഞതാണെങ്കിൽ, നമ്മുടെ പത്രങ്ങൾ തട്ടിവിടും. ഒരു ഭീകരനെ പിടികൂടിയ വാർത്ത പോലീസ് തരുമ്പോൾ, അയാൾ ഏതു രാജ്യക്കാരനാണ്, എവിടെയെല്ലാം ഒളിച്ചു താമസിച്ചിരുന്നു, ആരെയെല്ലാം കണ്ടിരുന്നുവെന്നൊക്കെ അവർ പറഞ്ഞുവെന്നു വരും. ഒരാളെ പിടികൂടുമ്പോഴേക്കും ഇത്തരം വിവരങ്ങളെല്ലാം എങ്ങനെ കിട്ടി എന്ന് ഏതെങ്കിലും പത്രക്കാരൻ പോലീസിനോട് ചോദിക്കാറുണ്ടോ? ഇല്ല. പോലീസ് പറഞ്ഞാൽ, അതു സത്യമാകുമെന്ന് എല്ലാവരും കരുതുന്നു.

പോലീസ് ഒരാളെ പിടികൂടിയാൽ അയാളെ രഹസ്യമായി കസ്റ്റഡിയിൽ വച്ച് ചോദ്യം ചെയ്യുകയും ഭേദ്യം ചെയ്യുകയും ചെയ്ത്, അയാളിൽ നിന്ന് ചോർത്താവുന്ന വിവരങ്ങളെല്ലാം ചോർത്തിയശേഷമേ അയാളെ അറസ്റ്റ് ചെയ്തതായി രേഖപ്പെടുത്താറുള്ളൂവെന്നത് അങ്ങാടിപ്പാട്ടായ ഒരു രഹസ്യമാണ്. ഈ പോലീസു മുറകൾക്കുശേഷം പ്രതി കളെ പത്രക്കാരുടെ മുന്നിൽ ഏതോ വിശേഷ വസ്തുവെന്നപോലെ നിരത്തിനിർത്തും. പത്രക്കാർ തികഞ്ഞ ഭവ്യതയോടെ അവരുടെ ഫോട്ടോ എടുക്കും; പോലീസ് പറയുന്ന കഥകളെല്ലാം വള്ളിപുള്ളി വിടാതെ എഴുതിയെടുക്കും. അതിന്റെ സത്യാവസ്ഥ അന്വേഷിക്കാൻ ആരും മെനക്കെടാറില്ല.

ബാച്ചിന്റെ അറസ്റ്റ് വാർത്ത പ്രസിദ്ധീകരിച്ചതുകൊണ്ട് ആർക്കും പ്രത്യേകിച്ചൊരു ദോഷവുമുണ്ടായില്ല. പത്രക്കാർ സ്വയം വിഡ്ഢികളായെന്നേയുള്ളൂ. എന്നാൽ നിരപരാധികളെ പിടികൂടി മോഷ്ടാവായോ കൊലപാതകിയായോ ഭീകരനായോ അവതരിപ്പിക്കുമ്പോൾ, ആ വാർത്ത ഒരാളുടെ മാത്രമല്ല ഒരു സമൂഹത്തിന്റെതന്നെ ഭാവിയും സൽപേരും നശിപ്പിച്ചേക്കുമെന്ന് ചിന്തിപ്പിക്കുന്ന എത്ര പത്രക്കാർ ഇന്ത്യയിലുണ്ടാകും? ❑

# കീടനാശിനി നിർമ്മാതാക്കൾ ഭീഷണിയുമായി രംഗത്ത്

- സുനിത നാരായൺ -

**ക**ഴിഞ്ഞ ഏപ്രിൽ ആദ്യവാരത്തിൽ ഒരു സംഘം ആളുകൾ ദൽഹിയിലെ ശാസ്ത്ര-പരിസ്ഥിതി കേന്ദ്രത്തിന്റെ മുന്നിൽവന്ന് നിലയുറപ്പിച്ചു. എനിക്കെതിരെ ആക്ഷേപകരമായ മുദ്രാവാക്യങ്ങളെഴുതിയ പ്ലക്കാർഡുകൾ അവർ ഉയർത്തിപ്പിടിച്ചിരുന്നു. ഒരു സർക്കാരേതര സംഘടനയുടെ വേഷത്തിലാണ് ഇവർ വന്നിരുന്നത്. കീടനാശിനി നിർമ്മാതാക്കളാണ് ഇവരെ വേഷം കെട്ടിച്ചയച്ചതെന്ന് തോന്നുന്നു. ഞങ്ങളെ ഭയപ്പെടുത്തി ഒതുക്കാനായി കീടനാശിനി നിർമ്മാതാക്കൾ കൈക്കൊണ്ടിരിക്കുന്ന ഏറ്റവും പുതിയ കളിയാണിതെന്ന് തോന്നുന്നു.

ഞാനിത് വിശദീകരിക്കാം. ഭക്ഷണത്തിലും പഞ്ചാബിലെ കർഷകരുടെ രക്തത്തിലും കേരളത്തിലെ പാദ്രെ ഗ്രാമത്തിലെ മണ്ണിലും വെള്ളത്തിലും അവിടത്തെ വികലാംഗരും രോഗികളും കഴിക്കുന്ന ഭക്ഷണത്തിലും വിഷാംശമുണ്ടെന്ന് ഞങ്ങൾ പണ്ട് സ്ഥാപിച്ചിരുന്നു. ഈ ഗവേഷണ ഫലത്തെ നിരാകരിക്കാനായി സമ്പന്നരും പ്രബലരുമായ കീടനാശിനി നിർമ്മാതാക്കൾ ഇന്ത്യയുടെ നാനാഭാഗത്തും പത്രസമ്മേളനങ്ങൾ നടത്തിയിരുന്നു.

കീടനാശിനി നിർമ്മാതാക്കളിൽനിന്ന് ഞങ്ങൾക്ക് ഡസൻ കണക്കിന്ന് വക്കീൽ നോട്ടീസ് ലഭിക്കാറുണ്ട്. ഓരോ തവണയും വസ്തുതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞങ്ങൾ മറുപടി അയക്കും. പിന്നീടതിനെപ്പറ്റി ഒന്നും കേൾക്കാറില്ല. നേരെമറിച്ച് വേറെ എന്തെങ്കിലും നിസ്സാര കാരണം പറഞ്ഞ് പുതിയ വക്കീൽ നോട്ടീസയക്കുകയാണ് പതിവ്.

ആദ്യമെല്ലാം ഞങ്ങളുടെ ഗവേഷണ വിഭാഗത്തിന്നെതിരായാണ് വക്കീൽ നോട്ടീസ് വരാറുള്ളത്. പിന്നീടത് ശാസ്ത്ര-പരിസ്ഥിതി കേന്ദ്രത്തിന്നെതിരായി മാറി; ഒടുവിൽ എനിക്ക് നേരിട്ടും വക്കീൽ നോട്ടീസ് വരാൻ തുടങ്ങി. ഒരു കൊല്ലം മുമ്പ് അവർ വൃത്തികെട്ടൊരു സമരമുറയും നടത്തി. ഒരു കീടനാശിനി കമ്പനിയുടെ ഉടമ എന്റെ വൃത്തികെട്ടൊരു കാർട്ടൂൺ വരച്ച് വിതരണം ചെയ്തു.

ഇത്തരം ഭീഷണിക്കൊന്നും ഞങ്ങൾ വഴങ്ങിയില്ലെങ്കിലും പ്രതിഷേധിക്കാനുള്ള അവരുടെ അവകാശത്തെ ഞങ്ങൾ മാനിച്ചിരുന്നു. അങ്ങനെ പ്രതിഷേധ പ്രകടനം കുറച്ചു ദിവസം തുടർന്നു. അങ്ങനെയിരിക്കെ ഒരു ദൽഹി പത്രത്തിലെ പത്രപ്രവർത്തകൻ അവിടെ വന്നു. ഞങ്ങളുടെ ഓഫീസിന്നു മുന്നിൽ നിൽക്കുന്ന പ്രതിഷേധക്കാരിൽ ഒരാളെ അയാൾ തിരിച്ചറിഞ്ഞു. പ്രതിഷേധം സംഘടിപ്പിച്ച കീടനാശിനി കമ്പനിയിലെ ജീവനക്കാരനല്ല അയാൾ. ഒരു പബ്ലിക് റിലേഷൻസ് കമ്പനിയുടെ പ്രതിനിധിയാണയാൾ. ഒരു ബിസ്ക്കറ്റ് കമ്പനിക്കുവേണ്ടി ദൽഹിയിലെ പത്രക്കാരെ ഇയാൾ സമീപിച്ചിരുന്നു. സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്തു നൽകുന്നതിന്നു പകരം, ബിസ്കറ്റ് കമ്പനികൾ തയ്യാറാക്കുന്ന ഭക്ഷണ പാക്കറ്റ് വതരണം ചെയ്യണമെന്ന ആവശ്യം പ്രചരിപ്പിക്കാനാണ് ഇയാൾ പത്രക്കാരനെ കണ്ടിരുന്നത്.

അതുകേട്ട് ഞങ്ങൾ അമ്പരന്നു. ഇന്ത്യൻ കമ്പനികൾ പ്രതിഷേധക്കാരെ വാടകക്ക് വിളിച്ചു തുടങ്ങിയോ? പ്രസിദ്ധമായ പബ്ലിക് റിലേഷൻസ് കമ്പനികൾ ഇത്തരം വൃത്തികേടുകൾക്ക്

നിന്നുകൊടുക്കുന്നതെന്തിനാണ്? അമേരിക്കയിൽ ഇങ്ങനെയൊക്കെ പതിവുണ്ട്. അമേരിക്കൻ കോർപ്പറേഷനുകൾ ലോബിയിസ്റ്റുകളെയും ഗുണ്ടകളേയും വാടകക്കെടുക്കും. ഇന്ത്യയിലും അതു തുടങ്ങിയോ? ഞങ്ങൾ ഒന്നന്വേഷിക്കാൻ തീരുമാനിച്ചു.

ദൽഹിയിൽ നടത്തിയ അന്വേഷണത്തിൽ മീഡിയ എക്സ്പ്രഷൻസ് കൺസോർഷ്യം എന്നൊരു പബ്ലിക് റിലേഷൻസ് കമ്പനിയെപ്പറ്റി കേട്ടിട്ടില്ലെന്നാണ് എല്ലാവരും പറഞ്ഞത്. ഒടുവിൽ മുംബായിലെ ചെറിയൊരാപ്പീസിൽ ഈ കമ്പനിയെ കണ്ടെത്തി. ഇന്ത്യയിൽ ഏറ്റവുമധികം മലിനീകരണം സൃഷ്ടിക്കുന്ന കീടനാശിനിക്കാരേയും പ്ലാസ്റ്റിക് നിർമ്മാതാക്കളേയും പ്രതിനിധീകരിക്കുന്നവരാണിവരെന്നു മനസ്സിലായി. പിന്നെ ബിസ്ക്കറ്റ് നിർമ്മാതാക്കളെപ്പോലുള്ള വ്യവസായികൾക്കുവേണ്ടിയും ഇവർ പ്രവർത്തിക്കാറുണ്ട്.

ഇന്ത്യൻ വ്യവസായികൾ പൊതുജനാഭിപ്രായത്തെ അടിച്ചമർത്താൻ ഉപയോഗിക്കുന്ന പുതു കരുവാണിതെന്ന് വ്യക്തം. നിങ്ങളെന്നെ വിശ്വസിക്കുന്നില്ലെങ്കിൽ, ഇന്ത്യയിലെ കീടനാശിനി നിർമ്മാതാക്കൾ അവരുടെ സംഘടന മുഖേന ശാസ്ത്രജ്ഞന്മാർക്കും പൊതു പ്രവർത്തകർക്കുമെതിരെ എത്ര കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് അന്വേഷിച്ചാൽ മതി. പൊതുജനപങ്കാളിത്തത്തിന്നെതിരായ തന്ത്രപരമായ കേസ് എന്നാണ് അമേരിക്കക്കാർ ഇത്തരം കേസുകൾക്കു പറയുക. നീതിക്കുവേണ്ടിയുള്ള കേസുകളല്ല ഇവ. എതിരാളികളെ ഭയപ്പെടുത്തി ഒതുക്കാൻ വേണ്ടി ഫയൽ ചെയ്യുന്ന കേസുകളാണിവ. നല്ല കഴിവും പ്രാപ്തിയുമുള്ള സ്ഥാപനങ്ങൾക്കെതിരെ ഇവർ കേസ് ഫയൽ ചെയ്യില്ല. നേരെമറിച്ച് വ്യക്തികൾക്കെതിരായും ശാസ്ത്രത്തെ വ്യഭിചരിക്കാൻ കൂട്ടാക്കാത്ത ശാസ്ത്രജ്ഞൻമാർക്കെതിരായുമാണിവർ കേസ് കൊടുക്കുക. ഇത്തരം കേസുകളിൽ കമ്പനിക്കാർ ജയിക്കുന്നത് അപൂർവ്വമാണ്. അവരത് കാര്യമാക്കാറില്ല. എതിരാളിയായ വ്യക്തിക്ക് അഥവാ ശാസ്ത്രജ്ഞന്ന് കേസു നടത്താൻ ഒരുപാട് പണവും സമയവും പാഴാവും. ഈ ഗതികേടിനെപ്പറ്റി ഓർക്കുമ്പോൾ അധികമാരും കീടനാശിനികൾക്കെതിരെ മിണ്ടാൻ മുതിരില്ല. അങ്ങനെ എതിരാളികളുടെ വായമൂടിക്കെട്ടലാണ് കമ്പനിക്കാരുടെ ലക്ഷ്യവും.

നാലഞ്ചുകൊല്ലം മുമ്പ് കേരളത്തിലെ പാദ്രെയിലെ ഒരേയൊരു ഡോക്ടറായ മോഹനകുമാറിന്ന് കീടനാശിനി നിർമ്മാതാക്കളുടെ സംഘടന വക്കീൽ നോട്ടീസയച്ചു. ഭീമമായൊരു തുക നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു നോട്ടീസ്. മോഹനകുമാർ ചെയ്ത തെറ്റെന്താണെന്നോ? പാദ്രെയിലെ ജനങ്ങളിൽ വ്യാപകമായി കാണുന്ന രോഗത്തിന്നു കാരണം അവിടത്തെ കശുമാവിൻ തോപ്പുകളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി തളിക്കുന്നതുകൊണ്ടാണെന്ന് ഡോ. മോഹനകുമാർ പറഞ്ഞതിന്നാണ് കമ്പനിക്കാർ നഷ്ടപരിഹാരം ആവശ്യപ്പെട്ടത്. കീടനാശിനിക്കാർ ഇപ്പോഴും എൻഡോസൾഫാനെ ന്യായീകരിക്കുകയാണ് ചെയ്യുന്നത്.

കീടനാശിനിക്കാരുടെ അരിശത്തിന്ന് ഇരയായ ഏറ്റവും ഒടുവിലത്തെ ആൾ ഒരു ശാസ്ത്രജ്ഞയാണ്. പാദ്രെഗ്രാമത്തിൽ കീടനാശിനി വരുത്തിത്തീർത്ത ദുരിതത്തെപ്പറ്റി വിശദമായ പഠനം നടത്തുകയും, രോഗകാരണം കീടനാശിനിയാണെന്ന് സ്ഥാപിക്കുകയും ചെയ്ത ആളാണ് ഈ ശാസ്ത്രജ്ഞ. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഓക്കുപ്പേഷനിൽ ഹെൽത്തിലെ ശാസ്ത്രജ്ഞയായിരുന്നു ഇവർ. അന്നൊന്നും കീടനാശിനിക്കാർ അനങ്ങിയില്ല. ആ ശാസ്ത്രജ്ഞ റിട്ടയർ ചെയ്ത ഉടനെ അവർക്കെതിരെ രണ്ടു വക്കീൽ നോട്ടീസുകൾ എത്തിക്കഴിഞ്ഞു.

❏

കവർസ്റ്റോറി

# ഒരു വധവും അധികൃതർ കെട്ടിച്ചമച്ച കഥകളും

- ശോഭിത നൈത്താനി -

വിധിവൈപരീത്യമെന്നുപറയട്ടെ, ആശ്രിത തന്റെ ഭർതൃഗൃഹത്തിൽ ആദ്യമായി കാൽകുത്തിയത് വിധവയായിട്ടായിരുന്നു. ഝാർഖണ്ഡിലെ സാലോ ഗ്രാമത്തിലെ ഒരു ദളിത് ക്രിസ്ത്യനായ ആശ്രിത ഒമ്പതുകൊല്ലം മുമ്പാണ് സുഹൃത്തും സഹപ്രവർത്തകനുമായ ലളിതകുമാർ മേത്തയെ വിവാഹം ചെയ്തത്. 32 വയസ്സുള്ള അവർക്കിപ്പോൾ നാലും ഒന്നരയും വയസ്സു പ്രായമുള്ള രണ്ടു കുട്ടികളുണ്ട്. ചീരു എന്ന ഗ്രാമത്തിലെ സാമൂഹ്യ ശാസ്ത്ര അധ്യാപികയാണവർ.

ബാംഗ്ലൂർ സർവ്വകലാശാലയിൽനിന്ന് സിവിൽ എഞ്ചിനിയറിങ്ങിൽ ബിരുദമെടുത്ത ആളാണ് ലളിതകുമാർ മേത്ത. ഝാർഖണ്ഡിലെ പലാമോ ജില്ലയിൽ 1992 ൽ ഭയാനകമായൊരു വരൾച്ചയുണ്ടായി. ജനങ്ങൾക്ക് വെള്ളം കിട്ടാറാക്കാനായി പാനീ ചേതനാമഞ്ച് എന്ന പേരിൽ ഒരു പ്രസ്ഥാനം അവിടെ ആരംഭിച്ചു. എഞ്ചിനീയറായ ലളിതകുമാർ അതിന്നു നേതൃത്വം നൽകി. ഏഴു കൊല്ലം കൊണ്ട് ജില്ലയിൽ 130 ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഈ മഞ്ചിന്നു കഴിഞ്ഞു. ഇതോടൊപ്പം ആദിവാസികളെ സംഘടിപ്പിക്കുന്നതിലും ലളിതകുമാർ വ്യാപൃതനായിരുന്നു. ഇതിന്നിടയിലാണ് അദ്ദേഹം ഒരു പൊതുപ്രവർത്തകയായ ആശ്രിതയെ വിവാഹം ചെയ്തത്. ഇതൊരു മിശ്രവിവാഹമായിരുന്നതിനാൽ ലളിതകുമാറിന്റെ വീട്ടുകാർ സഹകരിച്ചിരുന്നില്ല.

2001 ൽ പാനീ ചേതനാമഞ്ച് പിരിച്ചുവിട്ടതോടെ ലളിതകുമാറിന്റെ പ്രവർത്തനമേഖല ആദിവാസികൾക്കിടയിലായി. വികാസ് സഹയോഗ് കേന്ദ്രം എന്ന സന്നദ്ധസംഘടനയുടെ സെക്രട്ടറിസ്ഥാനം അദ്ദേഹം ഏറ്റെടുത്തു. ജോലിക്കു കൂലി ഭക്ഷണം എന്ന പദ്ധതി നടപ്പാക്കുന്നതിന്ന് മുൻകയ്യെടുത്തത് വികാസ് സഹയോഗ് കേന്ദ്രമാണ്. ജനസേവനാർത്ഥം സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിങ്ങും ഇവർ നടത്തി. ഇതാകട്ടെ ഒട്ടേറെ ശത്രുക്കളെ സൃഷ്ടിച്ചു.

2005 ൽ കേന്ദ്രഗവർമ്മേണ്ട് തൊഴിലുറപ്പു പദ്ധതി നടപ്പാക്കിയപ്പോൾ അതിന്റെ മേൽനോട്ടത്തിന്നും സോഷ്യൽ ഓഡിറ്റിങ്ങിന്നും പ്രസിദ്ധ സാമ്പത്തിക കാര്യ വിദഗ്ദനായ ജീൻ ഡ്രേസിന്റെ നേതൃത്വത്തിലുള്ള ഒരു ഒമ്പതംഗ സംഘത്തെയാണ് നിയോഗിച്ചത്. തൊഴിലുറപ്പു പദ്ധതി ആദ്യമയി നടപ്പാക്കിയ ജില്ലകളിലൊന്നായിരുന്നു ഝാർഖണ്ഡിലെ പലാമോ. ഈ ജില്ലയിലെ ചയാൻപൂർ, ഛത്തർപൂർ എന്നീ ബ്ലോക്കുകളിലെ സോഷ്യൽ ഓഡിറ്റിങ്ങിന്ന് ജീൻ ഡ്രേസിനെ സഹായിച്ചിരുന്നത് ലളിതകുമാറും അദ്ദേഹത്തിന്റെ വികാസ് സഹയോഗ് കേന്ദ്രവുമായിരുന്നു.

കഴിഞ്ഞ മേയ് 13ന്നാണ് പലാമോ ജില്ലയിലെ സോഷ്യൽ ഓഡിറ്റിങ്ങ് ആരംഭിച്ചത്. മേയ് 14ന്ന് ദൽഹിയിൽനിന്ന് ജീൻഡ്രേസ് എത്താമെന്ന് അറിയിച്ചിരുന്നതിനാൽ ലളിതകുമാർ അദ്ദേഹത്തെ സ്വീകരിക്കാനായി ജില്ലാ തലസ്ഥാനമായ ഡാൽട്ടൺ ഗഞ്ചിലെത്തി. അവർ ചയാൻപൂർ ബ്ലോക്കിലെ സോഷ്യൽ ഓഡിറ്റിങ്ങിനു ശേഷം ഡാൽട്ടൺ ഗഞ്ചിൽതന്നെ തിരിച്ചെത്തി. ജീൻ ഡ്രേസിനെ സന്ധ്യക്ക്

ഡാൽട്ടൺ ഗഞ്ചിലെത്തിച്ചശേഷം ലളിതകുമാർ 52 കിലോമീറ്റർ ദൂരെയുള്ള ഛത്തർപൂരിലേക്ക് ബൈക്കിൽ പുറപ്പെട്ടു. പിന്നീടദ്ദേഹത്തെ കണ്ടിട്ടില്ല.

മേയ് 15ന്ന് നക്ഷലുകൾ ഒരു ബന്ദിന്ന് ആഹ്വാനം നൽകിയിരുന്നു. ലളിതകുമാർ ബന്ദ് കാരണം ജീൻ ഡ്രേസിന്റെ കൂടെ ഡാൽട്ടൺ ഗഞ്ചിൽ തങ്ങിയതാകുമെന്ന് വീട്ടുകാർ കരുതി. എന്നാൽ മേയ് 16ന്ന് ജീൻഡ്രേസ് ഒറ്റക്ക് ഛത്തൻപൂരിലെത്തിയപ്പോൾ സുഹൃത്തുക്കളും സഹപ്രവർത്തകരും അന്വേഷണമാരംഭിച്ചു. അപ്പോഴാണ് ഡാൽട്ടൺ ഗഞ്ചിന്നടുത്ത കാട്ടിൽ ഒരു മൃതദേഹം കണ്ടെത്തിയ വാർത്ത പത്രത്തിൽ കണ്ടത്. പോലീസുമായി ബന്ധപ്പോട്ടപ്പോൾ കാര്യം ശരിയാണെന്ന് തെളിഞ്ഞു. മേയ് 15ന്ന് കാട്ടിൽ മൃതദേഹം കണ്ടെത്തിയെന്നും ആസ്പത്രിയിൽ പോസ്റ്റ്മാർട്ടം നടത്തിയെന്നും, അവകാശികളില്ലാത്തതിനാൽ കുഴിച്ചിട്ടുവെന്നും അവർ പറഞ്ഞു. സഹപ്രവർത്തകർ അന്വേഷിച്ചെത്തിയപ്പോഴേക്കും വന്യമൃഗങ്ങൾ കുഴിമാന്തി മൃതദേഹത്തിന്റെ ഒരു ഭാഗം തിന്നുകഴിഞ്ഞിരുന്നു.

ലളിതകുമാറിനുപുറമെ ജവാഹർ, മനോജ്, ആശ്രിത എന്നിവരായിരുന്നു വികാസ് സഹയോഗ് കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തകർ. ജനക്ഷേമത്തിന്നായി ഗവർമ്മേണ്ട് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിങ് ഇവർ നടത്താറുണ്ട്, തന്മൂലം കരാറുകാർ, ഗ്രാമസേവകർ, പഞ്ചായത്ത് സേവകന്മാർ, തുടങ്ങിയ നിക്ഷിപ്ത താൽപര്യക്കാരുടെ ശത്രുതയും ഇവർ സമ്പാദിച്ചിരുന്നു. ഇവർ അനേകം തവണ തങ്ങളെ ഭീഷണിപ്പെടുത്തിയിരുന്നുവെന്നും, തങ്ങളത് അവഗണിക്കുകയാണ് പതിവെന്നും ജവാഹർ പറഞ്ഞു.

മേയ് 6ന്ന് ലളിതകുമാർ ജില്ലാ കലക്ടർ നാഗേന്ദ്ര സിങ്ങിനെ കണ്ട് സോഷ്യൽ ഓഡിറ്റിങ്ങിനെപ്പറ്റി സംസാരിച്ചിരുന്നു. ഛത്തൻപൂരിൽ സോഷ്യൽ ഓഡിറ്റിങ് നടത്തണ്ട എന്ന് കലക്ടർ അപ്പോൾ ഉപദേശിച്ചതായി ജവാഹർ പറയുന്നു. അവിടെ സാമൂഹ്യ വിരുദ്ധർ അഴിഞ്ഞാടുകയാണെന്നാണത്രെ കലക്ടർ പറഞ്ഞത്. പക്ഷെ കലക്ടർ അതു നിഷേധിക്കുന്നു.

ഭയപ്പെടുത്തി ഒതുക്കാനുള്ള നിക്ഷിപ്ത താൽപര്യക്കാരുടെ തന്ത്രം ഫലിച്ചില്ലെന്നത് ഒരു വസ്തുതയാണ്. കാരണം, മേയ് 26ന്ന് അതേ ഛത്തർപൂരിൽ സോഷ്യൽ ഓഡിറ്റിങ് നടന്നു. അവിടത്തെ സ്കൂൾ മൈതാനത്ത് അയ്യായിരത്തിൽപരം പേർ പൊള്ളുന്ന വെയിലിനെ അവഗണിച്ച് തടിച്ചുകൂടിയിരുന്നു. ലളിതകുമാറിന്റെ എട്ടടി ഉയരമുള്ള ഒരു ചിത്രത്തെ സാക്ഷിനിർത്തിയായിരുന്നു സോഷ്യൽ ഓഡിറ്റിങ്. പരിസരങ്ങളിൽ നിറയെ പോലീസുണ്ടായിരുന്നു.

തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്ന സെൻട്രൽ കൗൺസിലിലെ അംഗമായ ആനിരാജ സോണിയാഗാന്ധിയുടെ ഒരു അനുശോചന സന്ദേശം വായിച്ചുകൊണ്ടാണ് നടപടികളാരംഭിച്ചത്. അതിന്നുശേഷം ജീൻഡ്രേസ് തെളിവെടുക്കൽ ആരംഭച്ചു. നിയമപ്രകാരം എത്ര പേർക്ക് 100 ദിവസത്തെ ജോലി കിട്ടി എന്ന് അദ്ദേഹം ജനങ്ങളോട് ചോദിച്ചു. ഒരാളും കൈ പൊക്കിയില്ല. പിന്നെ നാട്ടുകാരുടെ പരാതികളായി. കള്ള ഹാജർ, കള്ളഒപ്പ്, കള്ള അപേക്ഷ, ആകെ വ്യാജം. ജീൻ ഡ്രേസ് ഇതിനെപ്പറ്റി ചോദിച്ചപ്പോൾ ഉദ്യോഗസ്ഥന്മാർക്ക് ഉത്തരമില്ല. ചിലർ അന്വേഷിക്കാമെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറി. അയാൾ നുണയനാണെന്ന് ജനക്കൂട്ടം വിളിച്ചു പറഞ്ഞു.

പലാമോ ജില്ലയിൽ തൊഴിലുറപ്പുപദ്ധതി നടപ്പാക്കാൻ 2007-08 ലേക്ക് 76 കോടി രൂപയാണ് കേന്ദ്രം അനുവദിച്ചിരുന്നത്. ഇതിൽ 62 കോടി ചെലവാ ➡

# ജനകീയജുഡീഷ്യറിയും പാരിസ്ഥിതിക പ്രശ്നങ്ങളും

- രാജീവ് ധവാൻ -

ഭരണഘടനക്ക് രൂപം നൽകിയ അവസരത്തിൽ, പരിസ്ഥിതിക്കുള്ള അവകാശം ഒരു മൗലികാവകാശമായി ഉൾപ്പെടുത്തിയിരുന്നില്ല. ഇന്ദിരാഗാന്ധി കൊണ്ടുവന്ന കുപ്രസിദ്ധമായ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് പരിസ്ഥിതി സംരക്ഷണം ഒരു തത്വമായി കൊണ്ടുവന്നത് (അനുഛേദം 48 എ). അടിയന്തരാവസ്ഥക്കുശേഷം സുപ്രീം കോടതി ആ തത്വത്തെ മൗലികാവകാശമാക്കി മാറ്റി. 21-ാം അനുഛേദത്തിൽ പറയുന്ന ജീവന്നും സ്വാതന്ത്ര്യത്തിന്നുമുള്ള അവകാശത്തിന്റെ ഭാഗമാക്കി അതിനെ മാറ്റുകയാണ് കോടതി ചെയ്തത്.

മുസ്സൂറി കുന്നുകളിലെ ഖനനം സംബന്ധിച്ച കേസിന്നുശേഷം (1985-89) സുപ്രിം കോടതി ഒരു രഥചക്രംപോലെ ഉരുണ്ടുകയറി. കോടതിക്ക് കയ്യിലൊതുങ്ങാത്തത്ര അധികാരം വന്നുചേർന്നു. പലരും അതിൽ ആഹ്ലാദിച്ചു; പലരും സംഭ്രമിച്ചു. കോടതി മസൂറിഖനികൾക്ക് അനുമതി നൽകി; സരിസ്ക, അരാവലി, തുടങ്ങിയ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലെ ഖനനം നിരോധിച്ചു. കുദ്രേമുഖ്, പന്ന തുടങ്ങിയ ഖനികൾ പൂട്ടിച്ചു; ദൽഹിയിലെ പബ്ലിക് ട്രാൻസ്പോർട്ടിനെ ഡീസലിൽനിന്നും പ്രകൃതിവാതകത്തിലേക്ക് മാറ്റിച്ചു; യമുനാനദി ശുദ്ധീകരിക്കാൻ പ്ലാനുണ്ടാക്കാൻ കല്പിച്ചു; വ്യവസായ ശാലകളെ ദൽഹിക്ക് പുറത്തേക്ക് മാറ്റിച്ചു; ദൽഹിയിലെ ഷോപ്പുകൾ പൂട്ടി സീൽവച്ചു; അമ്പിളിയമ്മാമനെ പിടിച്ചുകൊടുക്കാൻ കൽപ്പിക്കുന്നതുപോലെ ഇന്ത്യയിലെ നദികളെ പരസ്പരം ബന്ധിക്കാൻ കൽപ്പന നൽകി. ഒരു ജനകീയ ജുഡീഷ്യറി പല പാരിസ്ഥിതിക കാര്യങ്ങളിലും തനി സ്വേഛാധിപത്യം കാണിച്ചുവെന്നുവരാം.

മൂന്നു ടെക്നിക്കുകളാണ് പാരിസ്ഥിതിക കേസുകളുടെ പുതുമക്ക്

---

ക്കിയതായി സർക്കാർ പറയുന്നു. ഇതൊക്കെ എവിടെ പോയെന്ന് ആർക്കും അറിയില്ല.

ലളിതകുമാറിനെ വധിച്ചതിനെപ്പറ്റി പലാമോ ഡെപ്യൂട്ടി കമ്മീഷണറും പോലീസ് സൂപ്രണ്ടും ചേർന്ന് തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിന്നെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നിട്ടുണ്ട്. അഴിമതിക്കാരെ രക്ഷിക്കാൻ വേണ്ടിയും ലളിതകുമാറിന്ന് ചീത്തപ്പേരുണ്ടാക്കാൻ വേണ്ടിയും പടച്ചുണ്ടാക്കിയ റിപ്പോർട്ടാണിത്. ലളിതകുമാർ കൊല്ലപ്പെട്ടത് മേയ് 14ന്നാണെന്നിരിക്കെ, ഈ ഔദ്യോഗിക റിപ്പോർട്ടിൽ പറയുന്നത് മേയ് 15ന്ന് കൊല്ലപ്പെട്ടുവെന്നാണ്. അതു സഹിക്കാം. ഈ കൊലപാതകത്തിൽ ജീൻ ഡ്രേസിന്ന് കയ്യുണ്ടാകാമെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. മിശ്രവിവാഹത്തോടുള്ള എതിർപ്പുമൂലം വീട്ടുകാർതന്നെ ലളിതകുമാറനെ കൊന്നതാകാമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ റിപ്പോർട്ടിനെ അപലപിച്ചുകൊണ്ടും അന്വേഷണം സി.ബി.ഐ. ക്ക് വിടണമെന്നാവശ്യപ്പെട്ടുകൊണ്ടും അരുണാറോയ്, ആനിരാജ, അരുന്ധതി റോയ്, അരവിന്ദ് കേസരിവാൾ, പ്രശാന്ത് ഭൂഷൺ തുടങ്ങിയ നൂറിൽപരം പേർ ചേർന്ന് ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-7-2008

കാരണം. (1) തൽപ്പരകക്ഷിക്കേ കേസ് കൊടുക്കാൻ അവകാശമുള്ളൂ എന്ന വ്യവസ്ഥ മാറ്റി ആർക്കും പരാതിയുമായി കോടതികയറാമെന്നാക്കി. (2). സത്യസ്ഥിതി അറിയാൻ അന്വേഷണം നടത്തുന്നതിന്ന് കോടതിയിൽ സംവിധാനമുണ്ടാക്കി. (3). കോടതിക്ക് മേൽനോട്ടത്തിന്നും നിയന്ത്രണത്തിന്നും അധികാരമുണ്ടാക്കി. ഈ മേൽനോട്ട–നിന്ത്രണാധികാരമനുസരിച്ച് കോടതിയുടെ അധികാരം ചില കമ്മിറ്റികൾക്ക് കൈമാറി. അങ്ങനെ കോടതി സൃഷ്ടിച്ച ഭീമന്മാർ സ്വൈരവിഹാരമാരംഭിച്ചു. ഈ ഭീമന്മാരിലൊന്നാണ് പരിസ്ഥിതിമലിനീകരണ നിയന്ത്രണ അഥോറിട്ടി. ദൽഹിയിൽ നിയമവിരുദ്ധമായി ഭൂമി ഉപയോഗപ്പെടുത്തിയവരെയെല്ലാം അടച്ചുപൂട്ടിച്ചതാണ് മറ്റൊരു കമ്മിറ്റി. കമ്മിറ്റികളിൽവച്ച് ഏറ്റവും പ്രബലമായത് വനം കേസുകൾ സംബന്ധിച്ച സെൻട്രൽ എപവേർഡ് കമ്മിറ്റിയാണ്.

ഈ കമ്മിറ്റിയിൽ ആരെല്ലാം അംഗമാകണമെന്ന് നിശ്ചയിക്കുന്നതും കോടതിയാണ്. ഗവർമ്മേണ്ടിന്ന് മറ്റൊരാളെ ഉൾപ്പെടുത്തണമെന്ന് ആഗ്രഹമുണ്ടെങ്കിലും നടക്കില്ല. പരിസ്ഥിതി പ്രേമികളാണെന്നു പറഞ്ഞുനടക്കുന്നവരെയാണ് കോടതി ഈ കമ്മിറ്റിയിൽ പെടുത്തുക. പരിസ്ഥിതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനുമുണ്ടാവും. കമ്മിറ്റിക്ക് സ്വന്തമായ അജണ്ടയുണ്ട്. ഒറീസയിലെ ഖനനം സംബന്ധിച്ച വേദാന്ത കേസിൽ കമ്പനിയുടെ പുന:സംഘടനവരെ കമ്മിറ്റി നടത്തി. കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കോടതി ഒരു നികുതിയും ചുമത്തി. ഭരണഘടനപ്രകാരം പാർലിമെന്റിന്നുമാത്രമേ നികുതി ചുമത്താൻ അധികാരമുള്ളൂ (അനുഛേദം 265).സെൻട്രൽ എപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ തിരക്കുപിടിച്ചാണ് കോടതി പാസാക്കുക. ഇവിടെ ജനാധിപത്യത്തിന്ന് വിലയില്ലാതാകുന്നു; ജുഡീഷ്യൽ നടപടിക്രമം അട്ടിമറിക്കപ്പെടുന്നു; നിയമവാഴ്ച ഉപേക്ഷിക്കപ്പെടുന്നു.

ഇന്ത്യയിൽ പരിസ്ഥിതി നിയമങ്ങൾ വ്യാപകമായി ധ്വംസിക്കപ്പെടുന്നുണ്ടെന്നത് ശരിയാണ്. പക്ഷെ അവയിൽ ഓരോന്നും കൈകാര്യം ചെയ്യാൻ സുപ്രീംകോടതിക്കും അതിന്റെ എംപവേർഡ് കമ്മിറ്റിക്കും കഴിയുമോ? ഈ അവസാനിക്കാത്ത മേൽനോട്ടവും നിയന്ത്രണവും അധികാര വിഭജനത്തിന്റെ ധ്വംസനം മാത്രമല്ല അസംബന്ധവുമാണ്. നയരൂപീകരണത്തിന്നും ദൈനംദിന ഭരണത്തിന്നുമുള്ള ഗവർമ്മേണ്ടിന്റെ അവകാശമാണ് കോടതി ഏറ്റെടുക്കുന്നത്.

വനം കേസ് കോടതിയിലെത്തിയിട്ട് 12 കൊല്ലമായി അതിന്നൊരറുതി വരുത്തണം. കോടതി ഇതിന്നായി ഒരു ബഞ്ച് സംഘടിപ്പിക്കുകയും (1) എന്താണ് കാട് എന്നും (2) കോടതിക്കൊരു നികുതി ചുമത്താവുന്നതാണോ എന്നും (3) വനംകാര്യത്തിലും പരിസ്ഥിതിക്കാര്യത്തിലും കോടതിക്കിടപെടാവുന്നതിന്റെ പരിധി എന്തെന്നും തീരുമാനിക്കുകയും വേണം. എന്താണ് നിയമമെന്നത് സംബന്ധിച്ച് ആത്യന്തികമായ ഒരു വിധിയുണ്ടാകട്ടെ. സുപ്രീം കോടതിയിൽ സംഘടിപ്പിച്ചിരിക്കുന്ന കൂറ്റൻ കമ്മിറ്റികൾ പിരിച്ചുവിടണമെന്നാണ് ഞാൻ പറയുക. സുപ്രീം കോടതി അതിന്റെ അധികാരങ്ങൾ കമ്മിറ്റികൾക്ക് കൈമാറാൻ പാടില്ലായിരുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.